# പാരീഷ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ജനുവരി 2022




Chavara
Matrimony.com
WE'VE MOVED
to our New Space in
CHANGANACHERRY
New
Location
Pulickal Building,
Opp. Arch Bishop's House,
Palace Road, Aramanapady
99957 77568
Chavara Family Welfare Centre
H.O Chavara Cultural Centre, Kochi
26 Branches in Kerala,
Bangalore, Coimbatore, Mumbai & Delhi
Cultural
Centre

പാരീഷ് ബുള്ളറ്റിൻ

# ഇടയൻ


ജനുവരി 2022
ലക്കം 4
വാല്യം 7



*മാനേജിംഗ് എഡിറ്റർ:*
**വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*എഡിറ്റേഴ്സ്:*
**റവ. ഫാ. അലൻ വെട്ടുകുഴിയിൽ**
7012116384
**റവ. ഫാ. ജോസഫ് ഇളംതുരുത്തിയിൽ**
8943135034
**റവ. ഫാ. റ്റോബി പുളിക്കാശേരി**
9446700163

*എക്സി. എഡിറ്റർ*
**റവ. ഫാ. മാത്യു മറ്റം**
9847660057

*കൈക്കാരന്മാർ:*
**ജോണി കണ്ടങ്കരി**
**ജോർജ്ജുകുട്ടി വാരണത്ത്**
**വിന്നിച്ചൻ കല്ലൂക്കളം**

*കമ്മറ്റിയംഗങ്ങൾ:*
**ഡോ. ജെ.ജി. റേ**
**ഡോ. സോണി കണ്ടങ്കരി**
**ജോസ് കാട്ടടി**
**റ്റോജോ പടനിലം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**കൊച്ചുറാണി പനച്ചിക്കൽ**



Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com


## താളുകൾ മറിക്കുമ്പോൾ



മുഖമൊഴി 01





വികാരിയച്ചന്റെ സന്ദേശം 02




വിമോചനത്തിന്റെയും അനുഗ്രഹത്തിന്റെയും തിരുനാളുകൾ 04




പരിഷ്കരിച്ച കുർബാനക്രമം 08

ഫാ. ഡൊമിനിക് തോട്ടാശേരി; ചങ്ങനാശേരിയുടെ ആദ്യ നഗരപിതാവ് 14




ചങ്ങനാശ്ശേരിപ്പള്ളിയുടെ സംരക്ഷകൻ പൗലോസ് തോമസ് മാർ അക്വിനോസ് മെത്രാപ്പോലീത്തായുടെ 198 -ാം ചരമവാർഷികം 18




മകരം തിരുനാൾ 22


നന്ദി...
അസിസ്റ്റന്റ് വികാരിയായി
സ്തുത്യർഹമായ സേവനമനുഷ്ഠിച്ച
ബഹു. തോമസ് മാളിയേക്കലച്ചന്
യാത്രാമംഗളങ്ങൾ...
അസിസ്റ്റന്റ് വികാരിയായി
സ്തുത്യർഹമായ സേവനമനുഷ്ഠിച്ച
ബഹു. ജോസഫ് ഇളംതുരുത്തിയിലച്ചന്
യാത്രാമംഗളങ്ങൾ...
സ്വാഗതം...
അസിസ്റ്റന്റ് വികാരിയായി
ചുമതലയേറ്റ
ബഹു. റ്റോബി പുളിക്കാശേരി അച്ചന്
ഇടവകയിലേക്ക് സ്വാഗതം...
അസിസ്റ്റന്റ് വികാരിയായി
ചുമതലയേറ്റ
ബഹു. മാത്യു കരിക്കണ്ടത്തിലച്ചന്
ഇടവകയിലേക്ക് സ്വാഗതം...

# നവീകരിച്ച
# പരിശുദ്ധ കുർബാനക്രമത്തിന്റെ ആരംഭം









പരിശുദ്ധ മൂറോൻ കൂദാശ



നവീകരിച്ച കുർബാനക്രമത്തിന്റെ പരിശീലനം



പിറവിത്തിരുനാൾ കർമ്മങ്ങൾ




എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ നടന്ന കരോൾ നൈറ്റ് 2021







കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ



സുവർണ്ണജൂബിലി ആഘോഷിച്ച ബഹു. ജോസഫ് വട്ടക്കളത്തിലച്ചന് ആദരം

## നവീകരിച്ച മീഡിയ റൂമിന്റെ ഉദ്ഘാടനം









## വിശുദ്ധ യൗസേപ്പിതാവിന്റെ വർഷ സമാപനം






# സ്നേഹസ്മരണയ്ക്ക്

1–ാം ചരമവാർഷികം
25.02.2021

48–ാം ചരമവാർഷികം
27.2.1974

"ഞാനാകുന്നു
പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും"
(യോഹ. 11:25)






**ചിന്നമ്മ തോമസ് (80)**

**കെ.സി. തോമസ്**
(തൊമ്മച്ചൻ)

കടന്തോട്,
എസ്.ബി. കോളേജിനു സമീപം

നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെക്കൂടി ഓർക്കേണമേ.

# സ്നേഹസ്മരണയ്ക്ക്



## കെ.പി. അന്തോനിച്ചൻ

**കരിങ്ങട**
**ചങ്ങനാശ്ശേരി**



# സ്നേഹസ്മരണയ്ക്ക്

## 25 -ാം ചരമവാർഷികം



**ജോസഫ് ചാക്കോ**
പാറക്കടവിൽ
മരണം: 15.01.1997

## 17 -ാം ചരമവാർഷികം



**കുഞ്ഞമ്മ ചാക്കോ**
മരണം: 24.12.2004

## 3 -ാം ചരമവാർഷികം



**പി.സി. ജോസഫ്**
മരണം: 22.01.2019

പാറക്കടവിൽ, വാഴപ്പള്ളി
ചങ്ങനാശേരി

കുടുംബശ്രീ

# കേരള ചിക്കൻ

(കേരള സർക്കാർ സംരംഭം)

**ഹോർമോൺ കുത്തിവെയ്ക്കാത്ത
രുചികരമായ, സുരക്ഷിതമായ ചിക്കൻ
മാർക്കറ്റ് വിലയേക്കാൾ
കുറഞ്ഞ വിലയ്ക്ക്
ഞങ്ങൾ വില്പന നടത്തുന്നു.**



## തനി മലയാളി

സർക്കാർ ഫാമുകളിലെ
ചിക്കൻ വില്ക്കുന്ന
ചങ്ങനാശേരിയിലെ
ഏകസ്ഥാപനം

വിശ്വസിച്ചു വാങ്ങാം...
വിശ്വസിച്ചു കഴിക്കാം.

സെന്റ് ജോസഫ് സ്കൂളിന് എതിർവശം
മാർക്കറ്റ് റോഡ്, ചങ്ങനാശേരി
ഫോൺ: 8891760248, 7012565371

# പാവനസ്മരണയ്ക്ക്







## ജോസഫ് തോമസ്
## അപ്പച്ചൻ

മരണം : 28.03.2000

## റോസമ്മ തോമസ്

മരണം : 04.11.2010



"ധൂളി അതിന്റെ ഉറവിടമായ
മണ്ണിലേക്ക് മടങ്ങും;
ആത്മാവ് തന്റെ ദാതാവായ
ദൈവത്തിങ്കലേക്ക്
തിരിച്ച് പോവുകയും ചെയ്യും"
(സഭാപ്രസംഗകൻ 12:7)

## ജിജി തോമസ്
## പേരകശ്ശേരി

മരണം: 10.01.2021

**പേരകശ്ശേരി, മറ്റം. ചങ്ങനാശ്ശേരി**

# ആശംസകളും പ്രാർത്ഥനകളും...




പൗരോഹിത്യ
സുവർണജൂബിലി
ആഘോഷിക്കുന്ന
**പെരിയ ബഹു. ജോസഫ്
വട്ടക്കളത്തിലച്ചന്**
ജൂബിലിമംഗളങ്ങൾ....





എസ്.എ.ബി.എസ്.
ജനറൽ കൗൺസിലർ സ്ഥാനത്തേക്ക്
തെരഞ്ഞെടുക്കപ്പെട്ട
**റവ. സി. എത്സ പൈകടയ്ക്ക്**
മെത്രാപ്പോലീത്തൻ
ഇടവക കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ.



ഒരുവർഷകാലം
സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ
പങ്കാളിയായിരുന്ന
**ബഹു. എബ്രഹാം
തൊണ്ടിക്കാക്കുഴിയിൽ
(നൈജിൽ) അച്ചന്**
ഇടവക കുടുംബത്തിന്റെ
ആശംസകളും പ്രാർത്ഥനകളും.

# മുഖമൊഴി



ഈശോമിശിഹായിൽ പ്രിയമുള്ളവരേ,

കഴിഞ്ഞത് ഓർമ്മയിൽ നിന്നടർത്തി മാറ്റുക, വരാനിരിക്കുന്നവയിലേക്ക് കണ്ണുകളെ തിരിക്കുക എന്ന് കേട്ടിട്ടില്ലേ..! പുത്തൻ പ്രതീക്ഷകളുടെ നാമ്പുകളുമായി പുതിയ വർഷത്തിലാണ് നാമിപ്പോൾ. എല്ലാവർക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും അനുഗ്രഹപ്രദമായ ക്രിസ്മസും പുതുവത്സരവും നേർന്നുകൊള്ളുന്നു.

കഴിഞ്ഞ ഒരുവർഷത്തെ അവലോകനവും തിരുനാൾ സ്പെഷ്യലുമാ യാണ് ഈ ഇടയൻ നമുക്കു മുൻപിലെത്തുന്നത്. കോവിഡ് പ്രതിസന്ധി നാടിനെ മുഴുവൻ വലിയ രീതിയിൽ ബാധിച്ചുനിൽക്കുമ്പോളും, നമ്മുടെ ഇടവകയിൽ അധികമാർക്കും കോവിഡ് ബാധിച്ചില്ല എന്നുള്ളത് വലിയ ദൈവാനുഗ്രഹമായി നമുക്ക് കാണാം.

സാഹചര്യങ്ങളും സന്ദർഭങ്ങളും പ്രതികൂലമായിരുന്നെങ്കിലും വൈ ഷമ്യം കൂടാതെ ദൈവാരാധനക്കായി ഒന്നിച്ചുകൂടുവാനും കൂദാശകൾ പരികർമം ചെയ്യുവാനും നമുക്ക് സാധിച്ചത് വലിയ ദൈവകൃപയാണ്. ക്രിസ്തുമസ് ആരംഭം മുതൽ ഉണ്ണിയുടെ ജനനം വരെ നമ്മൾ കണ്ടത് അവനെ തേടിയുള്ള, അവനുവേണ്ടിയുള്ള, അവനെ ഉള്ളിൽ കണ്ടുകൊ ണ്ടുള്ള പ്രയാസമേറിയ യാത്രകളായിരുന്നല്ലോ. ബെത്‌ലഹേമിലേക്കുള്ള യാത്രയും, പാതിരാനേരത്തെ ഇടയന്മാരുടെ യാത്രയും, ദേശങ്ങൾ താണ്ടിയുള്ള പൂജ്യരാജാക്കന്മാരുടെ യാത്രയും നമ്മുടെ ഓർമ്മയിലിരി ക്കട്ടെ.. വിഷമമേറിയ യാത്രകൾക്കൊടുവിൽ അവർ അവന്റെ സന്തോഷം കണ്ടെത്തി...

വിഷമമേറിയ ഈ കഴിഞ്ഞ വർഷങ്ങളിലെ യാതനകൾക്കൊടുവിൽ വന്നുചേർന്നിരിക്കുന്ന പുതുവത്സരം സന്തോഷകരമായിരി ക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ജീവിതത്തിലെ ഓരോ സ്നിഗ്ധഘട്ടങ്ങളും നമ്മളെ രൂപപ്പെടുത്തി എടുക്കുമെന്ന് കേട്ടിട്ടില്ലേ.



പുതിയ തീരുമാനങ്ങളോടെ പുതിയ ലോകം മുന്നിൽ കണ്ട് പുത്തൻ പ്രതീക്ഷകളോടെ നമുക്ക് മുന്നോട്ട് പോകാം. പ്രശസ്ത ചിന്തകനായ റാൽഫ് വാൾഡോ പറയുന്നതുപോലെ ''ഓരോ ദിവസവും നീ ഉണരു മ്പോൾ ഇന്നാണ് നിന്റെ ജീവിതത്തിലെ ഏറ്റവും നല്ല ദിവസമെന്ന് ഹൃദയത്തിൽ എഴുതുക.''

കർത്താവീശോമിശിഹാ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ...!

ഈശോയിൽ ഒത്തിരി സ്നേഹത്തോടെ,

**ചീഫ് എഡിറ്റർ**



## വികാരിയച്ചന്റെ സന്ദേശം

# നവപ്രതീക്ഷകളോടെ പുതുവത്സരത്തിലേക്ക്...

**ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ**

''ഉണ്ടായതുതന്നെ വീണ്ടും ഉണ്ടാകുന്നു; ചെയ്തതുതന്നെ വീണ്ടും ചെയ്യുന്നു; സൂര്യനു കീഴേ പുതുതായൊന്നുമില്ല.''

**ആവർത്തിക്കുന്ന** വാർഷിക ചക്രങ്ങളുടെ വിരസതയെകുറിച്ച് ബൈബിളിൽ സഭാപ്രസംഗകന്റെ നിരീക്ഷണമാണിത് (1:9). എന്നാൽ ഈശോമിശിഹായുടെ ആഗമനത്തോടുകൂടി ചരിത്രഗതിക്കുതന്നെ മാറ്റം സംഭവിച്ചു. ''ഈശോമിശിഹാ ഇന്നലെയും ഇന്നും എന്നും ഒരേ ആൾ തന്നെയാണ്'' (ഹെബ്രാ. 4:13). വെളിപാട് പുസ്തകം ഇപ്രകാരം എഴുതുന്നു:

''സിംഹാസനത്തിലിരിക്കുന്നവൻ പറഞ്ഞു: ഇതാ, സകലവും ഞാൻ നവീകരിക്കുന്നു. അവൻ വീണ്ടും പറഞ്ഞു: എഴുതുക. ഈ വചനങ്ങൾ വിശ്വാസയോഗ്യവും സത്യവുമാണ്''(21:5). സൂര്യന് കീഴിലുള്ള സകലതിനെയും പുതുതാക്കുന്നവനും പൂർത്തീകരിക്കുന്നവനുമാണ് ഈശോമിശിഹാ. 2022 പുതുവർഷത്തെ ആദ്യവാരംതന്നെ നമ്മുടെ കർത്താവിന്റെ ദനഹാ, അഥവാ ഉദയത്തിന്റെ തിരുനാൾ നാം ആചരിച്ചുവല്ലോ. ഓരോ പുതുവത്സരവും അതിന്റെ പ്രതീക്ഷകളും വെല്ലുവിളികളും നമ്മുടെ മുമ്പിൽ വയ്ക്കുന്നുണ്ട്. എന്നാൽ വിശ്വാസത്തിന്റെ വലിയ ഒരു ഉദയം, അഥവാ ഉയർത്തെഴുന്നേൽപ്പ് നമ്മുടെ ജീവിതത്തിൽ ഉണ്ടാകുമ്പോൾ,

സകലതും പുതുതാക്കുന്നവനായ മിശിഹായിലുള്ള ഉറച്ച വിശ്വാസത്തോടെ മുന്നോട്ടു പോകുവാൻ നമുക്ക് സാധിക്കും. കോവിഡ് –19, ഡെൽറ്റായും ഒമിക്രോണും കഴിഞ്ഞ് 2022 ൽ 'ഡെൽറ്റാക്രോൺ' ആയി രൂപാന്തരപ്പെട്ട് തുടർന്നും മനുഷ്യജീവിതത്തിന്റെ താളം തെറ്റിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രതിസന്ധികളിലും പുത്തൻ വെല്ലുവിളികളിലും തളരാതെ എല്ലാം പുതുതാക്കുന്ന കർത്താവിന്റെ കരങ്ങളിൽ മുറുകെപ്പിടിച്ചുകൊണ്ട് നമുക്ക് ഈ പുതുവത്സരത്തിലേക്ക് പ്രവേശിക്കാം.

പുതുവത്സരത്തിന്റെയും ദനഹാ തിരുനാളിന്റെയും സന്തോഷം ഇരട്ടിയാക്കുന്ന അനുഭവമാണല്ലോ ജനുവരി മാസം പതിവായി നാം ആഘോഷിക്കുന്ന  വിശുദ്ധ സെബസ്ത്യാനോസിന്റെ മകരംതിരുനാൾ. വിശ്വാസത്തിന്റെ വിശ്രുതയോദ്ധാവും ധീരരക്തസാക്ഷിയുമായ വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ പുതുവർഷത്തെ വെല്ലുവിളികളെ നേരിടാൻ നമുക്ക് ശക്തി പകരുകതന്നെ ചെയ്യും. പ്രഥമക്രിസ്തീയതത്ത്വചിന്തകനായ രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിന്റെ വാക്കുകൾ നമ്മുടെ വിശുദ്ധനെ സംബന്ധിച്ചും സാർഥകമാണ്. അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'ഒരു അഗ്നി എന്റെ ആത്മാവിനെ ഉജ്ജ്വലിപ്പിച്ചു. മിശിഹായെ സ്നേഹിച്ചവരോടും പ്രവാചകന്മാരോടും അതിയായ സ്നേഹം എനിക്ക് ഉണ്ടാകുകയും ചെയ്തു. അതെന്നെ പഠിപ്പിച്ച എല്ലാ വാക്കുകളെയും കുറിച്ച് ഞാൻ ധ്യാനിച്ചു. ഈ തത്ത്വവീഥി മാത്രമേ ഉപകാരപ്രദവും വാസ്തവവുമായുള്ളൂ എന്ന് ഞാൻ തീരുമാനിക്കുകയും ചെയ്തു.'

തന്റെ ജീവിതത്തെ പുതുതാക്കിത്തീർത്ത കർത്താവിനെ രാജസദസ്സിലും പ്രഖ്യാപിക്കുവാൻ ഒരു പടയാളിയായ വി. സെബാസ്റ്റ്യൻ മടിച്ചില്ല. കൂരമ്പുകൾക്കും പ്രഹരങ്ങൾക്കും മിശിഹായോടുള്ള സ്നേഹത്തിൽനിന്നും അദ്ദേഹത്തെ വേർപ്പെടുത്താൻ കഴിഞ്ഞില്ല! മിശിഹായ്ക്കുവേണ്ടി ഒരു രക്തസാക്ഷിയായിത്തീർന്ന സെബസ്ത്യാനോസ് സഹസ്രാബ്ദങ്ങളായി രോഗങ്ങളിലും പകർച്ചവ്യാധികളിലുംപെട്ടവരുടെ ശക്തനായ സ്വർഗ്ഗീയമദ്ധ്യസ്ഥനായി പ്രശോഭിക്കുന്നു.

കോവിഡ് നിയന്ത്രണങ്ങൾ ഒരുപക്ഷേ, നമ്മുടെ തിരുനാളിന്റെ ബാഹ്യആചരണങ്ങളെ ബാധിക്കുമെങ്കിലും, തിരുനാൾ തിരുകർമ്മങ്ങളിൽ ഭക്തിപൂർവ്വം പങ്കുചേർന്നു നമ്മുടെ വിശ്വാസചൈതന്യം നവീകരിക്കാനും പരസ്നേഹവും സഹവർത്തിത്വവും വളർത്തുവാനും നമുക്ക് പരിശ്രമിക്കാം.

**എല്ലാവർക്കും പുതുവത്സരത്തിന്റെയും മകരം തിരുനാളിന്റെയും ആശംസകൾ!**

# വിമോചനത്തിന്റെയും അനുഗ്രഹത്തിന്റെയും തിരുനാളുകൾ

സി. ഡോ. തെരേസ നടുപ്പടവിൽ

**രാജാവായ** ദാവീദ്, ഫിലിസ്ത്യർ പിടിച്ചെടുത്തിരുന്നതും പിന്നീട് അബിനാദാബിന്റെ വീട്ടിൽ സൂക്ഷിച്ചിരുന്നതുമായ വാഗ്ദാനപേടകം നഗരത്തിലേയ്ക്കു തിരിച്ചുകൊണ്ടുവരുമ്പോൾ നടത്തുന്ന ആഘോഷത്തെക്കുറിച്ച് സാമുവലിന്റെ രണ്ടാം പുസ്തകം രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്. ''ദാവീദും ഇസ്രായേൽഭവനവും സന്തോഷത്തോടും സർവശക്തിയോടുംകൂടെ കിന്നരം, വീണ, ചെണ്ട, മുരജം, കൈത്താളം എന്നിവ ഉപയോഗിച്ച് കർത്താവിന്റെ മുമ്പിൽ പാട്ടുപാടി നൃത്തം ചെയ്തു. ...ഇസ്രായേൽ സമൂഹത്തിനു മുഴുവൻ ആളൊന്നിന് ഒരപ്പവും ഒരു കഷണം മാംസവും ഒരു മുന്തിരിയടയും വീതം വിതരണം ചെയ്തു'' (2 സാമു 6:4,19).

ഇസ്രായേലിലെ ദൈവസാന്നിധ്യമായിരുന്നു ഉടമ്പടിയുടെ പേടകം. ആ ദൈവികസാന്നിധ്യത്തിന്റെ വീണ്ടെടുപ്പ് ദാവീദുരാജാവ് പ്രത്യേകമായ ഒരു ആഘോഷമാക്കി. അതുപോലെ, ഇസ്രായേൽ ജനം തങ്ങൾക്ക് ദൈവം നൽകിയ വിമോചനത്തിന്റെയും അനുഗ്രഹത്തിന്റെയും അവസരങ്ങൾ കൃതജ്ഞതാപൂർവമായ ആഘോഷങ്ങളാക്കി പാട്ടുപാടി, ആരവവും ആഹ്ലാദവും ഉയർത്തി, ബലികളർപ്പിച്ചും ബലിഭക്ഷണത്തിൽ പങ്കുചേർന്നും അവർ ആഘോഷിച്ചു. ആഴ്ചയിലെയും മാസത്തിലെയും വർഷത്തിലെയും നിശ്ചിത ദിനങ്ങളിൽ അവർ അവയനുസ്മരിച്ച് വിശുദ്ധമായി ആചരിച്ചു. കർത്താവിന്റെ കൽപ്പനയോടുള്ള അനുസരണം കൂടിയായിരുന്നു അവരുടെ തിരുനാളാഘോഷങ്ങൾ. കർത്താവു മോശയോട് അക്കാര്യം അരുളിച്ചെയ്തതായി വേദപുസ്തകത്തിൽ പലയിടത്തും നാം വായിക്കുന്നുണ്ട്. അവയിൽ വളരെ പ്രത്യേകമാണ്, അവർ ആചരിക്കേണ്ട തിരുനാളുകളെക്കുറിച്ച് ലേവ്യഗ്രന്ഥത്തിലെ 23, 25 അധ്യായങ്ങൾ.. ഇരുപത്തിമൂന്നാമധ്യായത്തിന്റെ ആദ്യവാക്യങ്ങളിൽ നാം വായിക്കുന്നു:

''കർത്താവു മോശയോട് അരുളിച്ചെയ്തു: ഇസ്രായേൽ ജനത്തോടു പറയുക, വിശുദ്ധസമ്മേളനങ്ങൾ വിളിച്ചുകൂട്ടേണ്ട കർത്താവിന്റെ തിരുനാളുകൾ ഇവയാണ്'' (ലേവ്യ 23:1–2). ഈ തിരുനാളുകളിൽ, ആഴ്ച

യിലൊരിക്കൽ ആചരിക്കേണ്ട സാബത്തും മാസത്തിൽ ഒരിക്കൽ ആചരിക്കേണ്ട അമാവാസിയും ആണ്ടിലൊരിക്കൽ ആചരിക്കേണ്ട പെസഹാത്തിരുനാൾ പോലുള്ളവയും, ചില പ്രത്യേക ആചരണങ്ങളും ഉൾപ്പെട്ടിരുന്നു.

യഹൂദരുടെ ഉത്സവദിനങ്ങളും കർത്താവിന്റെ തിരുനാളുകൾ എന്നു വിളിക്കപ്പെടുന്നവയുമായ വാർഷികത്തിരുനാളുകളിൽ, പ്രഥമവും പ്രധാനവുമായതാണ് പെസഹായുടെയും പുളിപ്പില്ലാത്ത അപ്പത്തിന്റെയും തിരുനാൾ. ഇസ്രായേൽക്കാരെ വിട്ടയയ്ക്കാൻ മടിച്ച ഈജിപ്തിന്റെമേൽ ദൈവമയച്ച പത്താമത്തെ ബാധയോടു ബന്ധപ്പെടുത്തി ആചരിച്ചതാണ് പെസഹാ. പെസഹാക്കുഞ്ഞാടിന്റെ രക്തം വാതിൽപ്പടിയിൽ തളിച്ച് (പുറ 12) ഇസ്രായേൽ അത്ഭുതകരമായി നേടിയ സംരക്ഷണത്തിന്റെ ഓർമ, ആണ്ടുതോറും വിശുദ്ധദിനം/തിരുനാൾ ആയി ആചരിക്കണമെന്നും ദൈവം കൽപ്പിച്ചു (പുറ 12:24-27). അബീബു മാസത്തിലെ പതിനാലാം ദിവസമാണ് പെസഹാ ആചരിച്ചിരുന്നത് (നിയമാ 16:1). പെസഹാക്കുഞ്ഞാടിനെ കൊന്ന് രക്തം വീടിന്റെ വാതിൽപ്പടിമേലും കട്ടിളക്കാലിന്മേലും തളിക്കുകയും അതിന്റെ മാംസം വേവിച്ച് കയ്പുള്ള ഇലകളും പുളിപ്പില്ലാത്ത അപ്പവും കൂട്ടി ഭക്ഷിക്കുകയും ചെയ്തുകൊണ്ടാണ് അവർ പെസഹാ ആചരിച്ചിരുന്നത്. പെസഹാത്തിരുനാളിനോടു ചേർന്നുള്ള ഏഴുദിവസങ്ങളിൽ പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളും ആചരിച്ചു (ലേവ്യ 23:6).

പെസഹാത്തിരുനാളിനോടനുബന്ധിച്ച്, ജറുസലെമിലേയ്ക്കു തീർഥയാത്ര നടത്തുന്ന യഹൂദപാരമ്പര്യം ഈശോയും പാലിച്ചിരുന്നു (ലൂക്കാ 2:42; യോഹ 2:13; 6:4). ശിഷ്യന്മാരോടൊത്ത് ഈശോ ഭക്ഷിച്ച അന്ത്യത്താഴം പെസഹാഭക്ഷണമായിരുന്നു (യോഹ 13:1-2). ഈശോയെ പെസഹാക്കുഞ്ഞാടായിട്ടുതന്നെയാണ് പുതിയനിയമം ചിത്രീകരിക്കുന്നത്. ഈശോയുടെ രക്തത്താൽ നാം പാപത്തിന്റെ അടിമത്തത്തിൽ നിന്നു വിമോചിതരായതിന്റെ ആനന്ദവും രക്ഷാകരമായ അനുഗ്രഹം പ്രാപിച്ചതിന്റെ ഓർമയും ആചരിക്കുന്ന ഈ തിരുനാളിനോടു കൂടി, അവിടുത്തെ ഉത്ഥാനം ആചരിക്കുന്ന ഈസ്റ്റർ നമുക്ക് ഏറ്റം പ്രധാനപ്പെട്ട കർത്താവിന്റെ തിരുനാളായിത്തീർന്നു

പന്തക്കുസ്താത്തിരുനാൾ, വിളവെടുപ്പിനോടു ബന്ധപ്പെട്ട ഉത്സവമായി തുടങ്ങിയതാണെന്നു കരുതപ്പെടുന്നു. വിളവെടുപ്പുതിരുനാൾ (പുറ 23:16), ആഴ്ചകളുടെ തിരുനാൾ (പുറ 34:22), ആദ്യഫലങ്ങളുടെ തിരുനാൾ (സംഖ്യ 28:26) എന്നിങ്ങനെയുള്ള പേരുകളും അതിനുണ്ട് എന്നതിനാലാകാം അത്. പെസഹാത്തിരുനാൾ കഴിഞ്ഞ് ഏഴാഴ്ചകൾക്കുശേഷം, അഥവാ അമ്പതുദിവസങ്ങൾക്കുശേഷം (പെന്തക്കുസ്ത എന്നതിന് അമ്പതാംദിവസം എന്നർഥം) ആഘോഷിക്കുന്ന ഈ തിരുനാൾ,

ഈജിപ്തിൽവച്ച് ആചരിച്ച ആദ്യപെസഹായ്ക്കുശേഷം കാനാൻ ദേശം ലക്ഷ്യമാക്കി പുറത്തുകടന്ന ഇസ്രായേലിന്, അമ്പതാംദിനം സീനായ് മലയിലെത്തിയപ്പോൾ, അവിടെവച്ചു ദൈവം കൽപ്പന നൽകിയതിന്റെ അനുസ്മരണമാണ്.

'അപ്പസ്തോലന്മാർ ഏകമനസ്സോടെ, ഈശോയുടെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരന്മാരോടുമൊപ്പം പ്രാർഥനയിൽ മുഴുകിയിരുന്നപ്പോൾ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്നതിന്റെ' (അപ്പ 1:13-14, 2:1-4) അനുസ്മരണമാണ് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഈ തിരുനാളാചരണം. പൗലോസ് ശ്ലീഹാ ഈ തിരുനാൾ ജറുസലെമിൽ വച്ച് ആഘോഷിച്ചതായി നടപടിപ്പുസ്തകം സാക്ഷ്യപ്പെടുത്തുന്നു (20:16).

ഹീബ്രു കാലഗണനയനുസരിച്ച്, ഏഴാംമാസത്തിന്റെ പതിനഞ്ചാം ദിവസമാണ് കൂടാരത്തിരുനാൾ ആചരിച്ചിരുന്നത്. ഇസ്രായേൽ ഈജിപ്തിൽനിന്നു വിമോചിതരായി, മരുഭൂമിയിൽക്കൂടി യാത്ര ചെയ്യവേ, കൂടാരങ്ങളിൽ വസിച്ചതിന്റെ ഓർമ ആചരണമാണ് ഈ തിരുനാൾ (ലേവ്യ 23:33-43). കൂടാരത്തിരുനാളിൽ ഈശോ ജറുസലെമിൽ പോയിരുന്നതായി നാം വായിക്കുന്നുണ്ട് (യോഹ 7:2, 8). ഈ തിരുനാളിൽ ദൈവാലയത്തിലെ കർമങ്ങൾക്കായി സീലോഹായിലെ നീരുറവയിൽ നിന്നുള്ള ജലം കൊണ്ടുവന്നിരുന്നു എന്നു പാരമ്പര്യമുണ്ട്. കൂടാരത്തിരുനാളിൽ ജീവജലത്തെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനത്തിന് ഇതു പശ്ചാത്തലമായിരുന്നു എന്നു കരുതാം.

മേൽപ്പറഞ്ഞ തിരുനാളുകളെല്ലാം ഈജിപ്തിലെ അടിമത്തത്തിൽ നിന്നുള്ള വിമോചനത്തിന്റെയും ദൈവം അവർക്കു നൽകിയ രക്ഷയുടെയും ആണ്ടുതോറുമുള്ള അനുസ്മരണങ്ങളാണ്. ആറുദിവസം കൊണ്ട് സൃഷ്ടികർമം പൂർത്തിയാക്കി ഏഴാംദിവസം ദൈവം വിശ്രമിച്ചതിനെ അനുസ്മരിച്ചുകൊണ്ട് വിശ്രമത്തിന്റെ നാളായി ആചരിക്കുന്ന സാബത്തും ഇല്ലായ്മയിൽ നിന്ന് ഉണ്മയിലേയ്ക്കു വിമോചിക്കപ്പെട്ട സൃഷ്ടികുലത്തിന് ഉത്സവദായകമാണ്. (ലേവ്യ 23:1-11). ഉപവാസം അനുഷ്ഠിക്കേണ്ട ഏകദിനമായ പാപപ്പരിഹാരദിനത്തിലും പാപത്തിൽ നിന്നുമുള്ള വിമോചനം നേടുന്ന ജനത്തിന്റെ ആനന്ദം പങ്കുവയ്ക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്നു. ഇസ്രായേൽക്കാർ പുതുവത്സരദിനം ആചരിച്ചിരുന്നതിനും വേദപുസ്തകപരാമർശങ്ങളുണ്ട്.

ഇതുകൂടാതെ, പ്രത്യേക സന്ദർഭങ്ങളിൽ ആഘോഷിക്കുന്ന തിരുനാളുകളും യഹൂദർക്കുണ്ടായിരുന്നു. ഓരോ ഏഴാംവർഷവും യഹൂദർ ആചരിച്ചുപോന്ന സാബത്തു വർഷത്തിൽ, കൃഷി ചെയ്യരുത് എന്ന കൽപ്പനയുണ്ടായിരുന്നതിനാൽ ഭൂമിക്കും, അടിമകൾക്കും കൃഷിക്കുപയോഗിക്കുന്ന മൃഗങ്ങൾക്കും വിമോചനാനുഭവമേകുന്ന വിശ്രമത്തിന്റേ

തായിരുന്നു ആ വർഷം. എല്ലാവിധ കടങ്ങളും ഇളച്ചുനൽകിയിരുന്ന ഈ സാബത്തുവർഷം ആചരിക്കുന്നതിൽ വീഴ്ച്ച വരുത്തുന്നവർക്ക് ശിക്ഷയുടെ മുന്നറിയിപ്പ് ദൈവം കൊടുക്കുന്നുണ്ട് (പുറ 23:10...; ലേവ്യ 25:1–7). ഓരോ അമ്പതാം വർഷവും ആചരിച്ചിരുന്ന ജൂബിലി വർഷത്തിൽ, അതിന്റെ ആരംഭം അറിയിച്ചുകൊണ്ടുള്ള കാഹളം മുഴക്കേണ്ടിയിരുന്നു. സ്വാതന്ത്ര്യത്തിന്റെ ആനന്ദം പ്രദാനംചെയ്യുന്ന ഈ വർഷത്തിൽ, പണയം വച്ചതും കടംമേടിച്ചതും മോഷ്ടിച്ചതുമായ വസ്തുക്കൾ ഉടമസ്ഥനു തിരികെ നൽകുന്നു. അളവുതൂക്കങ്ങളിലെ അനീതി പരിഹരിക്കപ്പെടുന്നു. വിതയും കൊയ്ത്തും നിരോധിക്കപ്പെട്ടിരുന്ന ജൂബിലിവർഷത്തിൽ (ലേവ്യ 25:8–17) ഭൂമിക്കും സൃഷ്ടിജാലങ്ങൾക്കും സദ്വാർത്തയുടേതായി മാറുന്നതും നാം കാണുന്നു. പേർഷ്യൻ അധിനിവേശത്തിലായിരുന്ന യഹൂദർക്ക് എസ്തേർ രാജ്ഞിയുടെ സമുദായസ്നേഹത്തിന്റെയും ധൈര്യത്തിന്റെയും ഫലമായി ലഭിച്ച ദൈവികരക്ഷയുടെ ഓർമ ആചരിക്കുന്ന പൂരിം, യൂദാസ് മക്കബേയൂസിന്റെ നേതൃത്വത്തിൽ ഗ്രീക്കുകാർ അശുദ്ധമാക്കിയ ദേവാലയം വീണ്ടെടുത്ത് പുനഃപ്രതിഷ്ഠ നടത്തിയതിന്റെ ഓർമയാചരണമായ ഹനുക്കാ എന്നിവയും യഹൂദരുടെ തിരുനാളുകളാണ്.

ഇന്ന് കോവിഡ് പകർച്ചവ്യാധിയുടെ കാലഘട്ടത്തിൽ തിരുനാളുകളുടെ ആഘോഷങ്ങൾക്ക് പരിധി കൽപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും സമൂഹത്തിന്റെയും സമുദായത്തിന്റെയും ഐക്യവും ആനന്ദവും നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്യുന്ന തിരുനാളാചരണങ്ങൾക്കു പ്രസക്തിയുണ്ട്. ദൈവം പിശാചിന്റെ അടിമത്തത്തിൽ നിന്നു നമ്മെ വിമോചിപ്പിച്ച മനുഷ്യാവതാരത്തിന്റെ ഓർമ ആചരിക്കുന്ന ക്രിസ്തുമസ്സും, അവിടുത്തെ രക്ഷാകരമായ കുരിശുമരണത്തിന്റെയും നമ്മുടെ നിത്യജീവിതത്തിന്റെ പ്രത്യാശയായ അവിടുത്തെ ഉത്ഥാനത്തിന്റെയും ഈസ്റ്ററും നമ്മുടെ ഏറ്റവും വലിയ ആഘോഷങ്ങൾ തന്നെ. ദൈവത്തിന്റെ രക്ഷണീയകൃത്യങ്ങളോടു സഹകരിച്ചുകൊണ്ട് നമ്മുടെ മാതൃകയും മധ്യസ്ഥയുമായിത്തീർന്ന പരി. കന്യകാമറിയത്തിന്റെയും മറ്റു വിശുദ്ധരുടെയും തിരുനാളുകളും നമുക്കു പ്രിയങ്കരമാകുന്നത്, പാപത്തിന്റെയും അജ്ഞതയുടെയും അധാർമികതയുടെയും പിടിയിൽ നിന്നു അവ നമ്മെ വിമോചിപ്പിക്കുകയും അനുഗ്രഹത്തിന്റെ നീർച്ചാലുകളായി നമുക്ക് അനുഭവപ്പെടുകയും ചെയ്യുന്നു എന്നതിനാലാണ്. ഇസ്രായേൽ ജനത്തിനു മാത്രമല്ല, സർവജീവജാലങ്ങൾ ഉൾക്കൊള്ളുന്ന പരിസ്ഥിതിക്കുകൂടി വിമോചനത്തിന്റെ സദ്വാർത്തയേകുന്ന വിധത്തിൽ ഈ തിരുനാളുകളെ ക്രമീകരിക്കുവാൻ തക്കവിധത്തിലുള്ള സമഗ്രതയുള്ള സ്നേഹത്തിന്റെയും വിശുദ്ധിയുടേതുമായിരിക്കട്ടെ നമ്മുടെ തിരുനാളാചരണങ്ങൾ.



# പരിഷ്കരിച്ച കുർബാനക്രമം

## ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ

**ആമുഖം**

സീറോമലബാർ സഭയുടെ റാസക്രമത്തിന്റെ പരിഷ്കരിച്ച പതിപ്പ് 2021 നവംബർ 28-ാം തീയതി പുതിയ ആരാധനാവത്സര ആരംഭത്തോടു കൂടി നടപ്പിൽവരുമ്പോൾ നമ്മുടെ ആരാധനക്രമചരിത്രത്തിലെ തന്നെ ഒരു പുതിയ കാലഘട്ടത്തിലേക്ക് നാം കാലെടുത്തുവയ്ക്കുകയാണ്. ഭാരതത്തിലെ മാർത്തോമ്മാ നസ്രാണികൾ ചരിത്രത്തിന്റെ നോക്കെത്തുന്ന കാലം മുതൽ അർപ്പിച്ചിരുന്നത് പൗരസ്ത്യസുറിയാനി ആരാധനക്രമമായിരുന്നല്ലോ. ഈശോ പരിശുദ്ധ കുർബാന സ്ഥാപിച്ച അതേ ഭാഷയിലുള്ള നമ്മുടെ കുർബാനക്രമം മാർത്തോമ്മാശ്ലീഹായിൽനിന്നും ലഭിച്ചതാണെന്നതിൽ നമ്മുടെ പൂർവികർ അഭിമാനിച്ചിരുന്നു. വൈദേശികാധിപത്യത്തിൻ കീഴിൽ പിളർപ്പിനെ നേരിട്ട സഭയുടെ ഐക്യത്തിനുവേണ്ടി നടത്തിയ ഐതിഹാസികമായ റോമാ-ലിസ്ബൺ യാത്രാവിവരണമായ വർത്തമാനപുസ്തകത്തിൽ (1790) പാറേമ്മാക്കൽ തോമ്മാ കത്തനാർ ഇക്കാര്യം എടുത്തുപറയുന്നുണ്ട്. 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസ് മുതൽ ഉണ്ടായ വ്യതിചലനങ്ങളുടെ നീണ്ട ഇരുണ്ട ചരിത്രത്തിന്റെ മറയിൽനിന്നും പുറത്തുവരുന്നതിന്റെ ഒരു നാഴികക്കല്ലായി ഈ കുർബാന പരിഷ്കരണത്തെ നമുക്കു കാണാനാവും.

### 1. അല്പം ചരിത്രപശ്ചാത്തലം

ഉദയംപേരൂർ സൂനഹദോസ് ഗോവാ മെത്രാപ്പോലിത്തയായ ഡോ. മെനേസിന്റെ നേതൃത്വത്തിൽ നാല്പതോളം മാറ്റങ്ങൾ നമ്മുടെ കുർബാനയിൽ കൊണ്ടുവന്നു. ആയിരത്തിലേറെ വർഷങ്ങളായി നമ്മുടെ സഭയിൽ നിലവിലിരുന്ന മാർ തെയഡോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമങ്ങൾ (അനാഫൊറ) നിർത്തലാക്കി. തുടർന്ന്

നമ്മുടെ കുർബാനക്രമത്തിന്റെ സമ്പന്നതയും വൈശിഷ്ട്യവും മനസ്സിലാക്കി ക്കൊടുക്കാനുതകുന്ന ആരാധനക്രമ പ്രബോധനത്തിനുള്ള ഒരു നല്ല അവ സരമാണ് പുതിയ കുർബാനക്രമം നമുക്ക് നൽകുന്നത്. പൗരസ്ത്യർതന്നെ തങ്ങളുടെ ആരാധനക്രമ പാരമ്പര്യങ്ങൾ മനസ്സിലാക്കുകയും വിലമതിക്കു കയും, ഒപ്പം വ്യതിചലനങ്ങളുണ്ടായാൽ അവ വീണ്ടെടുക്കാനുള്ള ത്യാഗം ഏറ്റെടുക്കുകയും വേണമെന്ന വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളുടെ ഒരു സാക്ഷാത്ക്കാരംകൂടിയാണ് പരിഷ്കരിച്ച കുർബാന തക്സ.

സുറിയാനിക്കാരെ ഭരിച്ച ആദ്യ ലത്തീൻ മെത്രാനായ ഫ്രാൻസിസ് റോസ് കുർബാനയിൽ വീണ്ടും പല മാറ്റങ്ങളും വരുത്തി. 1774 ൽ റോമിൽ അച്ചടിച്ച സീറോമലബാർ ടെക്സ്റ്റിൽ ത്രിത്വസ്തുതിയോ ടെ കുർബാന ആരംഭിക്കുന്നതുമുതൽ കുർബാന സ്വീകരണമുൾപ്പ ടെയുള്ള ഭാഗങ്ങൾ ലത്തീൻക്രമത്തിലേതു പോലെയാക്കി. പിന്നീട് കുർബാന ടെക്സ്റ്റിൽ മാത്രമല്ല ദൈവാലയത്തിന്റെ ആന്തരികസംവി ധാനം, തിരുവസ്ത്രങ്ങൾ എന്നിവയെല്ലാം പാശ്ചാത്യമയമായി. സ്വ പൈതൃകത്തിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ട അവസ്ഥയിലായി, നൂറ്റാണ്ടുകൾ വൈദേശിക ഭരണത്തിൻകീഴിലിരുന്ന നമ്മുടെ സഭ.

## 2. പരിശുദ്ധ സിംഹാസനം ആരംഭം കുറിച്ച ആരാധനക്രമപ്രസ്ഥാനം

എന്നാൽ ഈ സാഹചര്യങ്ങൾക്ക് മാറ്റം കുറിച്ചത് പരിശുദ്ധ സിംഹാസനത്തിന്റെ തന്നെ ധീരമായ ചില ഇടപെടലുകളാണ്. കൂ ടുതൽ ലത്തീൻവത്കരണത്തിനുവേണ്ടി നാട്ടുമെത്രാന്മാർ മുറവിളി കൂട്ടിയപ്പോൾ അതിനു വിരാമമിട്ടുകൊണ്ട് പതിനൊന്നാം പിയൂസ് മാർപാപ്പ പ്രഖ്യാപിച്ചു: ''പരിശുദ്ധ സിംഹാസനം ലത്തീൻവല്കര ണമല്ല, കത്തോലിക്കാവല്കരണമാണ് ആഗ്രഹിക്കുന്നത്'' (ഡിസം. 1, 1934). പാശ്ചാത്യസഭയിൽ ആശ്രമങ്ങളും സർവകലാശാലകളും കേന്ദ്രീകരിച്ചു നടന്നതാണ് ആരാധനക്രമപ്രസ്ഥാനമെങ്കിൽ നമ്മുടെ സഭയിൽ പരിശുദ്ധ സിംഹാസനംതന്നെ നേരിട്ട് നമ്മൾ കുർബാന ക്രമ പുനരുദ്ധാരണത്തിനും നവീകരണത്തിനും നേതൃത്വം കൊടുത്തു എന്നതാണ് വസ്തുത. കുർബാന പരിഷ്കരണത്തിനുവേണ്ടി പതി നൊന്നാം പിയൂസ് പാപ്പാ ഒരു കമ്മീഷനെ നിയോഗിച്ചെങ്കിലും രണ്ടാം ലോകമഹായുദ്ധത്തിന്റെ സാഹചര്യത്തിൽ അതു അധികം മുന്നോട്ടു പോയില്ല.

തുടർന്ന് 1954 മാർച്ച് 10-ാം തീയതി ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പിയൂസ് പാപ്പാ നിയോഗിച്ച വിദഗ്ധസമിതി തയ്യാറാക്കിയ മൂന്ന് അനാഫൊറകളും ചേർന്ന കുർബാനക്രമത്തിന് 1957 ജൂൺ 20 ന് അംഗീകാരം ലഭിക്കുകയും ചെയ്തു. 1959-60 കളിൽ കുർബാനയുടെ കർമ്മക്രമങ്ങൾ (ഓർദോ) കലണ്ടർ, പൊന്തിഫിക്കൽ ക്രമങ്ങളുടെ

(ഓർദോ), പ്രോപ്രിയ എന്നിവയും തയ്യാറാക്കി നല്കി. എന്നാൽ നമ്മുടെ സഭയിൽ അനുകൂലമായ ആരാധനക്രമ അവബോധം സൃഷ്ടിക്കപ്പെടാതിരുന്ന ആ കാലഘട്ടത്തിൽ സമ്പൂർണ്ണമായി പുനരുദ്ധരിച്ച 1957-ലെ ക്രമം നടപ്പിലായില്ല: 1960 ൽ ഒരു അനാഫൊറ മാത്രമുള്ള സുറിയാനിയിലുള്ള ടെക്സ്റ്റും 1962 ജൂലൈ 3 ന് സുറിയാനിയിലും മലയാളത്തിലുമുള്ള ക്രമവും പ്രാബല്യത്തിൽവന്നു. എന്നാൽ കുറെക്കൂടി ഹ്രസ്വരൂപത്തിലുള്ള ഒരു ടെക്സ്റ്റിന് 1968 ആഗസ്റ്റ് 7 ന് റോമിൽ നിന്നും പരീക്ഷണാർത്ഥം അംഗീകാരം ലഭിച്ചു. തുടർന്ന് പരിശുദ്ധ സിംഹാസനം നല്കിയ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ റാസക്രമത്തിന് 1985 ഡിസംബർ 19 ന് അംഗീകാരം ലഭിക്കുകയും 1986 ഫെബ്രുവരി 8 ന് പരിശുദ്ധ പിതാവ് വി. ജോൺ പോൾ രണ്ടാമൻ അതു കോട്ടയത്തുവച്ച് അർപ്പിച്ച് ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. 1989 ഏപ്രിൽ 3 ന് ആഘോഷപൂർവകവും സാധാരണയുള്ള കുർബാനക്രമത്തിനും അംഗീകാരം നൽകി. ഈ ടെക്സ്റ്റുകളാണ് ഇപ്പോൾ പരിഷ്കരിച്ചു നല്കിയിരിക്കുന്നത്.

### 3. പരിഷ്കരിച്ച ടെക്സ്റ്റ് ഒരു നാഴികക്കല്ല്

2021 ജൂൺ 9 ന് പൗരസ്ത്യതിരുസംഘം അംഗീകരിച്ച് സെപ്റ്റംബർ 8-ാം തീയതി സീറോമലബാർ സഭയിൽ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ട ഈ ടെക്സ്റ്റ് ഒരു ചരിത്രസംഭവമാകുന്നത് ഒരൊറ്റ കാര്യം കൊണ്ടാണ്.നമ്മുടെ കുർബാനയുടെ 1599 ൽ നിർത്തലാക്കപ്പെട്ട അനാഫൊറകൾ ഉൾപ്പെടെ വീണ്ടും പുനരുദ്ധരിച്ച് ഒരു സമ്പൂർണ്ണ കുർബാനക്രമം പ്രാബല്യത്തിൽ വരുന്നു എന്നതാണത്. അതോടൊപ്പം കാലത്തിന്റെയും ദിവസത്തിന്റെയും മാറിമാറി വരുന്ന ഭാഗമായ ''ദിവ്യരഹസ്യങ്ങളുടെ അനുബന്ധമായ'' പ്രോപ്രിയയും ഈ തക്സയിൽ പരിഷ്കരിച്ച് ചേർത്തിരിക്കുന്നു. അങ്ങനെ നമ്മുടെ പരിശുദ്ധ കുർബാനയുടെ സമ്പൂർണ ആരാധനക്രമ സഞ്ചയം (The whole Liturgical Corpus) ചരിത്രത്തിലാദ്യമായി സഭയ്ക്ക് ലഭ്യമാവുകയാണ്. കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ആരാധനക്രമം, അതിൽത്തന്നെ കുർബാനയാണ് പരമപ്രധാനമായ ആരാധന. പൗരസ്ത്യസഭകൾക്കാകട്ടെ പരിശുദ്ധ കുർബാന ദൈവശാസ്ത്രത്തിന്റെയും ആദ്ധ്യാത്മികതയുടെയും ഉറവിടവുമാണ്. വിവിധ ആഘോഷരൂപത്തിലുള്ള കുർബാന അർപ്പണങ്ങൾക്കു പുറമേ പഠനത്തിനും ധ്യാനത്തിനും ശരിയായ ധാർമ്മികശിക്ഷണത്തിനും സാക്ഷ്യത്തിനുമുള്ള ഒരു ഊർജ്ജസ്രോതസ്സാണ് ഈ സമ്പൂർണ്ണ കുർബാനക്രമം.

### 4. ഉറവിടങ്ങളോടുള്ള വിശ്വസ്തത, വൈവിധ്യം

നമ്മുടെ കുർബാനക്രമത്തിന്റെ പൂർണ്ണ രൂപം ലഭിച്ചു എന്നതുപോലെതന്നെ ഉറവിടങ്ങളോട് കൂടുതൽ വിശ്വസ്തമായ പ്രാർത്ഥനാ

രൂപങ്ങൾ ഈ ടെക്സ്റ്റിന്റെ പ്രത്യേകതയാണ്. ''സർവ്വാധിപനാം കർത്താവേ, നിൻ സ്തുതി ഞങ്ങൾ പാടുന്നു;'' ''പരിപാവനനാം അമർത്യനേ കാരുണ്യം നീ ചൊരിയണമേ,'' കാറോസൂസകൾക്ക് ''കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ,'' കാർമ്മിക നോടുള്ള ആശീർവാദാഭ്യർത്ഥനയ്ക്ക് ഗുരോ ആശീർവദിക്കണമേ എന്നതിനു പകരം ''കർത്താവേ ആശീർവദിക്കണമേ'' എന്നതും അദ്ദായി-മാറി അനാഫൊറയിലെ സ്ഥാപനവിവരണത്തിനുമുമ്പ് കൂട്ടിച്ചേർത്ത ഭാഗങ്ങൾ ഒഴിവാക്കിയതും ചില ഉദാഹരണങ്ങളാണ്. അതുപോലെതന്നെ പ്രോപ്രിയയിലെ പ്രഥമ പുരോഹിതപ്രാർത്ഥന കാർമ്മികനെയും വിശ്വാസികളെയും യോഗ്യരാക്കണമേ, ശക്തരാക്കണമേ എന്നും സമാപനപ്രാർത്ഥനകളും സമാപന ആശീർവാദവും യുഗാന്ത്യോന്മുഖതയ്ക്കും സ്വർഗീയജീവിതത്തിനും ഊന്നൽ കൊടുക്കുന്ന രീതിയിലും പുനർക്രമീകരിച്ചു. പ്രാർത്ഥനകളുടെയും ഗീതങ്ങളുടെയും ഭാഷ കുറെക്കൂടി ഒഴുക്കുള്ളതാക്കി. കൂടാതെ, കൂടുതൽ പ്രാർത്ഥനകളും ഗീതങ്ങളും ചേർക്കുകയും ചിലത് സുറിയാനി ഭാഷയിൽത്തന്നെ അനുബന്ധമായി ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

അതുപോലെതന്നെ വൈവിധ്യമാർന്ന സാഹചര്യത്തിൽ തെരഞ്ഞെടുക്കാവുന്ന കൂടുതൽ ഐശ്ചികങ്ങൾ ഈ തക്സയിലുണ്ട്. സാധാരണക്രമത്തിലും ആഘോഷപൂർവ്വകമായ ക്രമത്തിലെയും റാസയിലെയും ഘടകങ്ങൾ കൂട്ടിച്ചേർക്കാം, കാർമ്മികന് കൂടുതൽ ഐശ്ചികങ്ങൾ, കർമ്മക്രമങ്ങളിലെ കൃത്യത: ഉദാ: തിരുവസ്ത്രങ്ങൾ അണിയുന്നതിന്റെയും പ്രദക്ഷിണത്തിന്റെയും ക്രമം തുടങ്ങിയവയും ഈ ടെക്സ്റ്റിന്റെ പ്രത്യേകതയാണ്. ശുശ്രൂഷകളിലെ പ്രധാനവേളകളിൽ മണിയടിക്കാനുള്ള ഐശ്ചികവും ഒരു പുതുമയാണ്. കുർബാന ക്രമത്തോടൊപ്പം പുതിയ ഓർദോയും തയ്യാറായി വരുന്നുണ്ട്. ഒപ്പം ഈ ആരാധനാവത്സരത്തിലെ പ്രഘോഷണങ്ങളുടെ ഒരു പുതിയ ഗണവും അവതരിപ്പിച്ചിരിക്കുകയാണ്.

## 5. ഏകീകൃത ബലിയർപ്പണരീതി

1999 നവംബർ 14-20 വരെ നടന്ന സീറോമലബാർ സിനഡ് തീരുമാനത്തിന് 1999 ഡിസംബർ 17 ന് ലഭിച്ച അംഗീകാരമനുസരിച്ച് പ്രഖ്യാപിച്ച ഏകീകൃതരീതിയിലുള്ള ബലിയർപ്പണം ഈ ടെക്സ്റ്റ് പ്രാബല്യത്തിൽ വരുത്തുന്നതോടെ സഭ മുഴുവനും സ്വീകരിക്കണമെന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനം (ജൂലൈ 3, 2021) ഈ തക്സയുടെ ആദ്യംതന്നെ നൽകിയിരിക്കുന്നു. തുടർന്ന് കർദ്ദിനാൾ പ്രീഫെക്റ്റിന്റെ അംഗീകാരരേഖയിൽ ഏകീകരണരീതി എങ്ങനെ, എവിടെ എന്നും പ്രതിപാദിക്കുന്നു.

നമ്മുടെ കുർബാനയുടെ ചരിത്രവും ദൈവശാസ്ത്രവും അനുഷ്ഠാനവിധികളും തിരുവസ്ത്രങ്ങളും ആരാധനക്രമ സ്ഥലസംവിധാനവുമെല്ലാം സമ്പൂർണ്ണ മദ്ബഹാഭിമുഖ ബലിയാണ് വിഭാവനം ചെയ്യുന്നതെങ്കിലും സഭയുടെ വിശാല താല്പര്യവും ഐക്യവും പൊതുനന്മയും പരിഗണിച്ചും സീറോമലബാർ അസംബ്ലിയുടെ പൊതുവികാരവും ഉൾക്കൊണ്ടും നമ്മുടെ സിനഡ് പിതാക്കന്മാർ എടുത്ത ഒരു തീരുമാനമാണിത്. ''സമയം സ്ഥലത്തെക്കാൾ പ്രധാനമാണ്; അതായത്, ഇപ്പോഴത്തെ കാലഘട്ടം ആവശ്യപ്പെടുന്ന സമയത്ത് നാം നടത്തേണ്ട സിനഡൽ പ്രയാണത്തിനുവേണ്ടിയുള്ള ഒരു മാർഗ്ഗമായി പരിശുദ്ധ പിതാവ് ഇക്കാര്യം എടുത്തുപറയുമ്പോൾ അത് സർവാത്മനാ സ്വീകരിക്കുകയെന്നതും സഭയുടെ അനുസരണയുള്ള മക്കളെന്ന നിലയിൽ നമ്മുടെ കടമയാണ്.

### 5.1 ആദ്യഭാഗം ജനത്തോടു തിരിഞ്ഞ്

കുർബാനയുടെ ആദ്യഭാഗം കാർമ്മികൻ ജനങ്ങളുടെ നേരെ തിരിഞ്ഞുനിൽക്കുമ്പോഴും കാർമ്മികൻ ബേമ്മയിലെ സ്ലീവായെ നോക്കിയാണ് പ്രാർത്ഥിക്കേണ്ടത്. ജനാഭിമുഖ്യ ബലിയർപ്പണം എന്ന പ്രയോഗംതന്നെ ഒരു സ്ഥലവുമായി ബന്ധപ്പെട്ട സങ്കല്പമാണ്, അതു ദൈവശാസ്ത്രപരമല്ല (Not theological, but topographical) എന്ന് റോമിലെ ആരാധനക്രമ കാര്യാലയം ഒരിക്കൽ വിശദീകരിക്കുയുണ്ടായി. (Notititae 322, Vol 29, (1993) 246-247).

### 6. അർപ്പണത്തിലെ ഐക്യവും ഐശ്ചികങ്ങളും

പുതിയ ടെക്സ്റ്റിലെ ബഹുലമായ ഐശ്ചികങ്ങൾ ദുരുപയോഗിക്കപ്പെടുമോ എന്നും ചിലർ ആശങ്കപ്പെട്ടേക്കാം. എന്നാൽ ഒരു ആരാധനാസമൂഹമെന്ന നിലയിൽ ഓരോ രൂപതയിലെയും ആരാധനക്രമത്തിന്റെ മുഖ്യകാർമ്മികനും കാര്യസ്ഥനും നിയന്താവും പരിപോഷകനുമെന്ന നിലയിൽ (വത്തിക്കാൻ കൗൺസിൽ, മെത്രാന്മാർ 15) മെത്രാന്മാർക്ക് അവ ശരിയായി ക്രമീകരിക്കാനുള്ള കടമയുണ്ടെന്ന് സഭ അനുശാസിക്കുന്നു. പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള സിനഡനന്തരരേഖയായ സ്നേഹത്തിന്റെ കൂദാശയിൽ (Sacrementum Caritatis: 2007) ൽ പറയുന്നതുപോലെ തന്റെ ശുശ്രൂഷാസീമയിൽ പരികർമ്മം ചെയ്യപ്പെടുന്ന ദൈവാരാധനാകർമ്മം തങ്ങളുടെ യോജിപ്പും ഐക്യവും ഉറപ്പുവരുത്തേണ്ടത് പ്രാദേശികസഭയിലെ ദൈവികരഹസ്യങ്ങൾ മുഖ്യകാര്യസ്ഥനാണെന്ന നിലയിൽ മെത്രാന്റെ ഉത്തരവാദിത്വമാണ് (No. 39). തക്സായിൽ കൊടുത്തിരിക്കുന്ന സംക്ഷേപിത ഐശ്ചികങ്ങൾ (Optional Abbriviation) തെരഞ്ഞെടുക്കുന്നതിൽ വൈദികർക്ക് ഉചിതമായ തീരുമാനമെടുക്കാനുള്ള ഇടം


മെത്രാന്മാർ നല്കണമെന്ന പൗരസ്ത്യ കാര്യാലയത്തിന്റെ നിർദ്ദേശത്തിൽത്തന്നെ (10.12.2020) ആരാധന ക്രമ ദുരുപയോഗങ്ങൾ ഉണ്ടായാൽ മെത്രാന്മാർക്ക് ഇടപെടാനാവുമെന്നും സൂചിപ്പിക്കുന്നുണ്ട്.

വത്തിക്കാൻ കൗൺസിൽ, ആരാധനക്രമ ഡിക്രി ഇങ്ങനെ പഠിപ്പിക്കുന്നു; ''ആത്മപാലകർ ആരാധനക്രമം അനുഷ്ഠിക്കുമ്പോൾ അവ കേവലം സാധുവായും നൈയാമികമായും പരികർമ്മം ചെയ്യുന്നതിനപ്പുറം കുറച്ചുകൂടി ചെയ്യുക ആവശ്യമാണ്. (No. 11) ഏറ്റവും കുറഞ്ഞതുകൊണ്ട് തൃപ്തിപ്പെടാതെ ആബേൽ  അർപ്പിച്ചതുപോലെയുള്ള, പരമാവധി അർപ്പണത്തിന്റെ ചൈതന്യം ഐശ്ചികങ്ങൾ തിരഞ്ഞെടുക്കുന്നതിലും ഉണ്ടാകണമെന്നുസാരം.

കൂടാതെ പ്രാർത്ഥനാഘടനയുടെ സ്വഭാവത്താൽത്തന്നെ ആവർത്തനം ആവശ്യപ്പെടുന്ന സ്തുതിപ്പുകൾ (അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി) പ്രത്യുത്തരഗീതങ്ങൾ (സർവ്വാധിപനാം, പരിപാവനനാം - റോമൻ നിർദ്ദേശങ്ങൾ, 1983), പാശ്ചാത്യ - പൗരസ്ത്യ പ്രഭാത - സന്ധ്യാ നമസ്കാര ശുശ്രൂഷകളിലെ സമാപന കർത്തൃപ്രാർത്ഥന, വിശ്വാസപ്രമാണം അവശ്യഘടകമായ പൗരസ്ത്യ കുർബാന അർപ്പണ രീതി, ഒക്കെ പരിഗണിച്ചുകൊണ്ടുള്ള ഉത്തരവാദിത്വപൂർവമായ ഐശ്ചികത്തിന്റെ ഉപയോഗമാണ് ആരാധനക്രമാവബോധമുള്ള കാർമ്മികരിൽനിന്നും സമൂഹത്തിൽ നിന്നും സഭ പ്രതീക്ഷിക്കുന്നതും.

**ഉപസംഹാരം**

നമ്മുടെ കുർബാനക്രമത്തിന്റെ സമ്പന്നതയും വൈശിഷ്ട്യവും മനസ്സിലാക്കിക്കൊടുക്കാനുതകുന്ന ആരാധനക്രമ പ്രബോധനത്തിനുള്ള ഒരു നല്ല അവസരമാണ് പുതിയ കുർബാനക്രമം നമുക്ക് നൽകുന്നത്. പൗരസ്ത്യർതന്നെ തങ്ങളുടെ ആരാധനക്രമ പാരമ്പര്യങ്ങൾ മനസ്സിലാക്കുകയും വിലമതിക്കുകയും, ഒപ്പം വ്യതിചലനങ്ങളുണ്ടായാൽ അവ വീണ്ടെടുക്കാനുള്ള ത്യാഗം ഏറ്റെടുക്കുകയും വേണമെന്ന വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളുടെ (പൗരസ്ത്യസഭകൾ 3,4,6) ഒരു സാക്ഷാത്ക്കാരംകൂടിയാണ് പരിഷ്കരിച്ച കുർബാന തക്സ. നമ്മുടെ പൗരസ്ത്യസുറിയാനി കുർബാനക്രമത്തിന്റെ സെമിറ്റിക്-ബൈബിൾ പ്രാർത്ഥനാശൈലി, ദിവ്യരഹസ്യാവബോധം (Sense of the Mystery) മിശിഹാ കേന്ദ്രീകൃതവും ത്രിത്വാത്മകവും റൂഹാത്മകവുമായ മാനങ്ങൾ, മിശിഹാവിജ്ഞാനീയപരമായ ആരാധനക്രമ സ്ഥലവിന്യാസം (Liturgical Space) യുഗാന്ത്യോന്മുഖത, ഹൃദയങ്ങൾ സ്വർഗ്ഗത്തിലേക്കുയർത്തുന്ന സുറിയാനി സംഗീതധാര ഇവയെല്ലാം വീണ്ടും കണ്ടെത്താനും പരിഷ്കരിച്ച കുർബാനക്രമം നമുക്ക് അവസരമേകുന്നു.



# ഫാ. ഡൊമിനിക് തോട്ടാശേരി ചങ്ങനാശേരിയുടെ ആദ്യ നഗരപിതാവ്

## നഗരസഭയുടെ ആദ്യപ്രസിഡന്റായതിന്റെ നൂറാം വാർഷികം

ചങ്ങനാശ്ശേരി നഗരസഭ അതിന്റെ ശതാബ്ദി നിറവിൽ പ്രശോഭിക്കുമ്പോൾ, ഒപ്പം പ്രശോഭിച്ചു നിൽക്കുന്നുണ്ട്, ഒരു വന്ദ്യവൈദികൻ, നഗരസഭയുടെ പ്രഥമ ഭരണസമിതി അധ്യക്ഷനായിരുന്ന ഫാ. ഡോമിനിക് തോട്ടാശ്ശേരി. മാർ തോമസ് കുര്യാളശ്ശേരി ചങ്ങനാശ്ശേരി വികാരിയാത്തിന്റെ അപ്പസ്തോലിക്ക ആയിരിക്കുമ്പോൾ വേദപ്രചാര ജോലിയുടെ സാരഥ്യം ഏറ്റെടുത്ത പണ്ഡിതനും വാഗ്മിയുമായിരുന്ന തോട്ടാശ്ശേരിയച്ചന്റെ ആധ്യാത്മികതയുടെ സമഗ്രത തെളിയിക്കുന്ന ഒന്നാണ് അദ്ദേഹത്തിന്റെ സഭയോടും സമൂഹത്തോടുമുള്ള പ്രതിബദ്ധത എന്നു പറയുന്നതിൽ തെറ്റില്ല. പുരോഹിതനായ അദ്ദേഹം, തന്റെ 35-ാം വയസ്സിൽ നഗരസഭാധ്യക്ഷനാകുമ്പോൾ അത് കേരള ചരിത്രത്തിലും ഭാരതചരിത്രത്തിലും മാത്രമല്ല, സഭാചരിത്രത്തിലും ഒരു വലിയ സംഭവമായി മാറി.

ചങ്ങനാശ്ശേരിയുടെ ആദ്യ നഗരസഭാ ഭരണസമിതി 1921-ലാണ് രൂപീകരിക്കപ്പെട്ടത്. ഭാരതകേസരി മന്നത്തു പത്മനാഭൻ ഉൾപ്പെടെയുള്ള പ്രമുഖർ നഗരസഭാ ഭരണസമിതിയിൽ അംഗങ്ങളായപ്പോൾ, നഗരസഭാ കൗൺസിലറായിരുന്ന അച്ചൻ രാജരാജവർമ കോയിത്തമ്പുരാൻ, നീലകണ്ഠപ്പിള്ള വക്കീൽ എന്നീ പ്രശസ്തരും പ്രഗത്ഭരുമായവരെ

പിന്തള്ളി 1921 ഡിസംബർ 12-ന് പ്രഥമ നഗരസഭാ ഭരണസമിതിയുടെ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. ഇന്നത്തേതിൽ നിന്നു വ്യത്യസ്തമായി എക്സിക്യൂട്ടീവ് അധികാരവും അന്ന് അധ്യക്ഷനിൽ തന്നെയായിരുന്നു നിക്ഷിപ്തമായിരുന്നത്. അങ്ങനെ, ഈ തെരഞ്ഞെടുപ്പ്, ബഹു. തോട്ടാശ്ശേരിയച്ചന്റെ നേതൃപാടവവും കർമശേഷിയും സാമൂഹ്യസേവന സന്നദ്ധതയും പ്രാഗത്ഭ്യവും ചങ്ങനാശ്ശേരിയിലെ ജനം എത്രമാത്രം അംഗീകരിച്ചിരുന്നു എന്നു നമ്മെ വിസ്മയിപ്പിക്കുന്നു.

ചങ്ങനാശേരി നഗരത്തിന്റെ വികസന കുതിപ്പിന് നൂറ് വർഷം മുമ്പ് അടിത്തറ പാകിയത് ഡൊമനിക് തോട്ടാശേരി അച്ചന്റെ നേതൃത്വത്തിലായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിൽത്തന്നെ ചങ്ങനാശേരി പട്ടണത്തിൽ കരമാർഗവും ജലമാർഗവും ഉള്ള കച്ചവട സാധ്യതകൾ മുൻകൂട്ടി കാണാനും അതിന് അനുസരിച്ച് പദ്ധതികൾ വിഭാവനം ചെയ്യാനും അച്ചന്റെ നേതൃത്വത്തിലുള്ള ഭരണസമിതിക്കു സാധിച്ചു.

നാട്ടുകാർക്കും കച്ചവടത്തിന് എത്തുന്നവർക്കും ഗുണകരമാകുന്ന തരത്തിൽ നഗരത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നതിന്റെ വ്യക്തമായ അടയാളങ്ങളാണ് ചന്ത കടവിലേയും വട്ടപ്പള്ളിയിലേയും സസ്യമാർക്കറ്റിലേയും വറ്റാത്ത കിണറുകൾ. തികഞ്ഞ പ്രകൃതിസ്നേഹി കൂടിയായിരുന്ന അദ്ദേഹത്തിന്റെ ഓർമകൾ നിലനിർത്തുന്നതായിരുന്നു ചങ്ങനാശേരി ചിത്രക്കുളത്തിന്റെ കരയിലെ പടർപ്പൻ താന്നിമരവും ഭരണങ്ങാനം പള്ളിമുററത്തെ പടുകൂറ്റൻ തേൻമാവുകളും.

1886 മാർച്ച് 21 ന് ചങ്ങനാശേരി തോട്ടാശേരി കുടുംബത്തിൽ ജോസഫ്-ചാച്ചിയമ്മ ദമ്പതികളുടെ ഏഴാമത്തെ കുട്ടിയായി ജനിച്ച ഡൊമിനിക് വൈദിക പഠനശേഷം 1913 ഡിസംബർ 28ന് പൗരോഹിത്യം സ്വീകരിച്ചു. ചങ്ങനാശേരി അതിരൂപതയിലെ ആദ്യകാല എംഎ ബിരുദധാരിയായ വൈദികനായിരുന്ന ഇദ്ദേഹം സാമൂഹ്യ സേവനം പൗരോഹിത്യ ശുശ്രൂഷയിലെ പ്രധാന ദൗത്യമായി കരുതിയിരുന്നു. 1941 ഡിസംബർ അഞ്ചിന് 55-ാം വയസിൽ നിര്യാതനായ തോട്ടാശേരി അച്ചൻ ഈ കാലയളവിനുള്ളിൽ പൗരോഹിത്യസാമൂഹ്യശുശ്രൂഷാരംഗങ്ങളിൽ തന്റേതായ ഒരു കൈയ്യൊപ്പ് ചാർത്തിയാണ് വിടവാങ്ങിയത്.

1992-ൽ ഡിസംബർ 5-ാം തീയതി അച്ചന്റെ അമ്പതാം ചരമവാർഷികത്തിൽ, നഗരസഭാ കാര്യാലയത്തിൽ ബഹു. തോട്ടാശ്ശേരിയച്ചന്റെ ഛായാചിത്രം സ്ഥാപിച്ചു. ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ അന്നു അനാച്ഛാദനം ചെയ്ത ആ ഫോട്ടോ അദ്ദേഹത്തിന്റെ തിരുസ്സഭയോടും സമൂഹത്തോടുമുള്ള പ്രതിബദ്ധതയുടെ സ്മാരകമായി ഇന്നും നിലകൊള്ളുന്നു.

കടപ്പാട്: ദീപിക

# ചങ്ങനാശേരിയിലെ പ്രഥമ ദൈവാലയം

ചങ്ങനാശേരിയിലെയും പരിസര പ്രദേശങ്ങളിലെയും ക്രിസ്ത്യാനികളുടെ ഏക ആരാധനാലയം ഏറെ നൂറ്റാണ്ടുകാലം നിരണം പള്ളി ആയിരുന്നു. ഒരു ഓശാന ദിവസം ഞായറാഴ്ച തെക്കുംകൂർ രാജാവിന്റെ മന്ത്രിയായിരുന്ന കല്ലറയ്ക്കൽ തരകന്റെ നേതൃത്വത്തിൽ ചങ്ങനാശേരിയിൽ നിന്നുപോയ ക്രിസ്ത്യാനികൾക്ക് നിരണത്തെത്താൻ താമസം നേരിട്ടു. തരകനും പരിവാരങ്ങളും എത്തിയശേഷമേ കുർബാന ആരംഭിക്കൂ എന്ന പതിവ് തെറ്റിയതിനാൽ അദ്ദേഹത്തിന് ദുഃഖവും അപമാനബോധവുമുണ്ടായി. മന്ത്രിയുടെ സങ്കടം മനസ്സിലാക്കിയ രാജാവ് ചങ്ങനാശ്ശേരിയിൽ ക്രിസ്ത്യാനികൾക്ക് ഒരു പള്ളി പണിയാൻ തീരുമാനിച്ചു. എ.ഡി. 1117 ലാണ് ചങ്ങനാശേരിയിലെ ആദ്യദൈവാലയം പണികഴിക്കപ്പെട്ടത്. തെക്കോട്ട് ദർശനമായിട്ടായിരുന്നു ആദ്യത്തെ പള്ളി പണിതിരുന്നത്. ആ പള്ളിയുടെ മുൻഭാഗത്താണ് ഇപ്പോൾ മെത്രാപ്പോലീത്തൻ പള്ളിയുടെ മുൻവശത്തുള്ള കുരിശടി നിൽക്കുന്നത്. പള്ളിയിലെ മണിനാദവും മോസ്കിലെ വാങ്കുവിളിയും ക്ഷേത്രത്തിലെ ശംഖനാദവും കേട്ടുണരണമെന്നതായിരുന്നു രാജാവിന്റെ ഒരാഗ്രഹം. ദൈവാലയത്തിൽ വിളക്കെണ്ണ വാങ്ങാൻ 21 പണവും രാജാവ് അനുവദിച്ച് കൊടുത്തിരുന്നു. പ്രഥമ ദൈവാലയം മതിയാകാതെ വന്നപ്പോൾ അത് പൊളിച്ചുകളഞ്ഞശേഷം 13-ാം നൂറ്റാണ്ടോടുകൂടി വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ നാമത്തിൽ രണ്ടാമത്തെ പള്ളിയായ ചെറിയപള്ളി പണിതീർത്തു എന്നു കരുതപ്പെടുന്നു. വ്യാകുലമാതാവിന്റെ പള്ളിയെന്നും ഈ പള്ളിക്ക് പേരുണ്ട്. ചില കൂട്ടിച്ചേർക്കലുകൾ ഒഴിവാക്കിയാൽ പ്രസ്തുത പള്ളി ഇന്നും പൂർവ്വസ്ഥിതിയിൽ തന്നെ സംരക്ഷിച്ചുപോരുന്നു. ഇന്ന് നിലവിലുള്ള ചെറിയപള്ളി കാലക്രമത്തിൽ മതിയാകാതെ വന്നപ്പോൾ ആ പള്ളിക്ക് കേടൊന്നും വരുത്താതെ നിലനിർത്തിക്കൊണ്ട് മൂന്നാമത് മറ്റൊരുപള്ളി ഇപ്പോഴത്തെ മെത്രാപ്പോലീത്തൻ പള്ളിയുടെ സ്ഥാനത്ത് പണിതു. മൂന്നാമത്തെ പള്ളി അന്തോനീസ് പുണ്യവാളന്റെ നാമധേയത്തിൽ ഉള്ളതായിരുന്നുവെന്ന് ചരിത്രഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇന്നത്തെ മനോഹരമായ മെത്രാപ്പോലീത്തൻ പള്ളി ക്രിസ്തുവർഷം 1887 മലയാള മാസം മകരം 16-ാം തീയതിയാണ് കൂദാശ ചെയ്യപ്പെട്ടത്. മൂന്നാമത്തെ പള്ളി പൊളിച്ചുമാറ്റി അന്തോനീസ് എന്ന നാമവും മാറ്റി സെന്റ് മേരീസ് എന്നാക്കി മാറ്റിയിരിക്കാം.



# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി
(1873-1925)

# ശതോത്തര സുവർണജയന്തി വത്സരം

**2022 ജനുവരി 14 – 2023 ജനുവരി 14**

കേരളത്തിന്റെ ആധ്യാത്മിക സാംസ്ക്കാരിക, വിദ്യാഭ്യാസരംഗങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമ മെത്രാനും ആരാധനാ സന്യാസിനീ സഭയുടെ സ്ഥാപകനുമായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ ജനനത്തിന്റെ ശതോത്തര സുവർണ ജൂബിലി വത്സരം 2022 ജനുവരി 14 ന് അതിരൂപതാ വികാരി ജനറാൾ വെരി റവ. ഡോ. തോമസ് പാടിയത്ത് ഉദ്ഘാടനം ചെയ്തു. സുവിശേഷത്തിന്റെ ഉന്നതാദർശങ്ങൾ സാക്ഷാത്ക്കരിക്കുവാൻ കഠിനാധ്വാനം ചെയ്ത് 'ദിവ്യകാരുണ്യപ്രേഷിതൻ' എന്ന അപരനാമം നേടിയ അദ്ദേഹം കേരളസഭയ്ക്ക് പ്രത്യേകിച്ച്, നമ്മുടെ അതിരൂപതയ്ക്ക് നല്കിയ എല്ലാ നന്മകളെയും കൃതജ്ഞതയോടെ അനുസ്മരിക്കുവാനും അദ്ദേഹത്തിൽ വിളങ്ങിയിരുന്ന പരിശുദ്ധ കുർബാനയോടുള്ള ഭക്തിയുടെയും പരസ്നേഹപ്രവൃത്തികളിലുള്ള തീക്ഷ്ണതയുടെയും ചൈതന്യം സ്വന്തമാക്കുവാനും ഈ ജൂബിലി വത്സരാചരണം നമ്മെ സഹായിക്കട്ടെ.



# ചങ്ങനാശ്ശേരിപ്പള്ളിയുടെ സംരക്ഷകൻ പൗലോസ് തോമസ് മാർ അക്വിനോസ് മെത്രാപ്പോലീത്തായുടെ 198 -ാം ചരമവാർഷികം

ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ
ജോസഫ് തോമസ് കോട്ടയ്ക്കൽ

**കൊടുങ്ങല്ലൂർ** അതിരൂപതയുടെ അവസാനമെത്രാപ്പോലീത്താ യും സുറിയാനിക്രിസ്ത്യാനികളുടെ ഗോവർണ്ണദോരുമായിരുന്ന പൗലോസ് മാർ അക്വിനോസ് മെത്രാപ്പോലീത്തായുടെ 198 -ാം ചരമവാർഷികം അദ്ദേഹം അന്ത്യവിശ്രമംകൊള്ളുന്ന ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ ഡിസംബർ 20 ന് ആചരിക്കുകയ ണ്. 19-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മലബാറിലെത്തിയ ഒരു ഡൊമിനിക്കൻ മിഷനറിയായിരുന്നു അദ്ദേഹം. 1819 ജനുവരി 16-ാം തീയതി കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്താ ആയി നിയോഗിക്കപ്പെട്ട അദ്ദേഹം 1822 ഡിസംബർ 30 ന് മലബാറിലെത്തി ഔദ്യോഗികമായി ചുമതലയേറ്റു.

### ചങ്ങനാശ്ശേരിക്കാരുടെ സംരക്ഷകനായ മാർ പൗലോസ്




ഒരു മിഷനറി വൈദികനായി തിരുവിതാംകൂറിലെത്തിയ അദ്ദേഹം ഈ പ്രദേശത്തെ പ്രമുഖ ദേവാലയമായ ചങ്ങനാശ്ശേരിപ്പള്ളിയുമായി അടുത്തബന്ധം പുലർത്തിയിരുന്നു. 1818 ൽ ഇംഗ്ലീഷ് മിഷനറിമാരുടെ പ്രേരണയിൽ കേണൽ ജോൺ മൺട്രോ, റാണി പാർവ്വതീഭായിയുടെ വിളംബരം വഴി ചങ്ങനാശ്ശേരി, കോട്ടയം, ആലപ്പുഴ, പിറവം എന്നീ പള്ളികൾ പുത്തൻകൂറ്റു വിഭാഗത്തിനു വിട്ടുകൊടുക്കുകയുണ്ടായി. റസിഡന്റും, സർക്കാർ അധികാരികളും കോട്ടയത്തും പിറവത്തും എത്തി വിളംബരം നടപ്പിലാക്കിയെങ്കിലും ചങ്ങനാശ്ശേരിയിൽ വലിയ ജനകീയപ്രതിരോധമുണ്ടായി. എന്നാൽ കൂടുതൽ സന്നാഹത്തോടെ എത്തിയ സർക്കാർ ഉദ്യോഗസ്ഥരെ അനുനയിപ്പിച്ച് അനിഷ്ടസംഭവങ്ങളൊന്നുമില്ലാതെ പള്ളി താത്കാ

കലികമായി തുറന്നു കൊടുക്കാൻ പ്രേരണ നൽകിയത് അപ്പോൾ ചങ്ങനാശ്ശേരിയിലുണ്ടായിരുന്ന പൗലോസ് അകിനോസ് അച്ചനായിരുന്നു. എങ്കിലും കണ്ടങ്കരി ഫിലിപ്പോസ് കത്തനാർ മുതലായ ഏതാനും വൈദികരെയും ജനങ്ങളേയും ഉദ്യോഗസ്ഥർ പിടിച്ച് കൊല്ലത്തുകൊണ്ടുപോയി തടവിലാക്കുകയും ചെയ്തു. എന്നാൽ കൊല്ലത്തുണ്ടായിരുന്ന മേലുദ്യോഗസ്ഥൻ വഴി മദ്രാസ് ഗവർണ്ണർക്ക് പരാതി നൽകി മൺട്രോയെ റസിഡന്റ് സ്ഥാനത്തുനിന്നും നീക്കം ചെയ്യാനും പള്ളികൾ തിരിച്ചുകൊടുക്കാനുള്ള വിളംബരം നേടിയെടുക്കാനും സാധിച്ചതിന്റെ പിന്നിൽ അദ്ദേഹത്തിന്റെ ശക്തമായ ഇടപെടലുകളുണ്ടായി എന്നാണ് ചങ്ങനാശ്ശേരിക്കാരുടെ ഉറച്ച വിശ്വാസം. ഭാവിയിൽ ഒരു സെമിനാരി ആക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി 1822 ൽ ചങ്ങനാശ്ശേരിയിൽ ബ്രഹത്തായ പഴയ പള്ളിമേട പണികഴിപ്പിച്ചത് അദ്ദേഹമാണ്. മെത്രാപ്പോലീത്താ ആയശേഷവും മാർ പൗലോസ് ഈ പള്ളിമേടയിൽ വന്നു താമസിച്ചിട്ടുണ്ട്. ഈ കടപ്പാടുകൾകൊണ്ടാണ് 1823 ഡിസംബർ 19 ന് കൊല്ലം ഓലിക്കരയിൽ വച്ചു കാലം ചെയ്ത അദ്ദേഹത്തിന്റെ ഭൗതികദേഹം തദ്ദേശവാസികളുടെ നിർബന്ധമുണ്ടായിട്ടും സുറിയാനിക്കാരുടെ മെത്രാപ്പോലീത്തായെ സുറിയാനിപ്പള്ളിയിൽ അടക്കണമെന്ന ന്യായവാദത്താൽ തച്ചിൽ കൊച്ചുമാത്തൂത്തരകന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരിപ്പള്ളിയിൽ കൊണ്ടുവന്ന് അടക്കം ചെയ്തത്. അദ്ദേഹത്തിന്റെ കബറിടത്തിലെ ശിലാഫലകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

ക്രിസ്താബ്ദം 1822 ൽ ഡിസംബർ 30-ാം തീയതി കൊല്ലം 998-ാമാണ്ട് ധനുമാസം 16-ാം തീയതി കൊടുങ്ങല്ലൂർ രൂപതയുടെ എ. പെ. ബെ. മാർ പൗലോസ് മെത്രാപ്പോലീത്താ മലങ്കര വന്നിറങ്ങി. 1823-ാം വത്സരം ഡിസംബർ 20-ാം തീയതി കൊല്ലത്തു ഓലിക്കര വച്ചു കാലം ചെയ്തു. 22-ാം തീയതി ചങ്ങനാശ്ശേരിപ്പള്ളിയിൽ കൊണ്ടുവന്ന് അടക്കുകയും ചെയ്തു.






## കബറിടത്തിന്റെ പുന: സ്ഥാപനം 191 വർഷങ്ങൾക്കുശേഷം

പെ. ബഹു. ഫാ. തോമസ് തുമ്പയിൽ കത്തീഡ്രൽപള്ളിയുടെ വികാരിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പ്രത്യേക താത്പര്യ പ്രകാരവും ശ്രമഫലവുമായി പണികഴിപ്പിച്ച കബറിടപ്പള്ളി (പഴയ സൊഡാലിറ്റിപ്പള്ളി)യിലേയ്ക്ക് വന്ദ്യ ജെയിംസ് കാളാശ്ശേരിപ്പിതാവിന്റെയും കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാനായിരുന്ന പൗലോസ് അക്വീനാസ് പിതാവിന്റെയും കബറിടങ്ങൾ കത്തീഡ്രൽപള്ളിയുടെ മദ്ബഹായിൽ നിന്നും മാറ്റിസ്ഥാപിക്കുന്നതിന് അതിരൂപതാ കൂരിയാതീരുമാനം എടുത്തതുപ്രകാരം അഭിവന്ദ്യ പിതാക്കന്മാരുടെ കബറിടങ്ങൾ തുറന്ന് ഭൗതികാവശിഷ്ടങ്ങൾ പ്രത്യേകം തയ്യാറാക്കിയ പേടകങ്ങളിൽ മാറ്റുന്നതിനായ് പള്ളിക്കാര്യത്തിൽ നിന്നും ക്രമീകരണങ്ങൾ ചെയ്തു. 2015 മെയ് മാസം 29-ാം തീയതി കബറിടം തുറക്കുന്നതിനു മുമ്പ് ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് കബറിടങ്ങളിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥന നടത്തി. പൗലോസ് മാർ അക്വീനാസ് പിതാവിനെ ചങ്ങനാശ്ശേരിപ്പള്ളിയിൽ അടക്കം ചെയ്തിട്ട് 191 വർഷങ്ങൾ കഴിഞ്ഞിരുന്നു. ഇക്കാരണത്താൽത്തന്നെ ഒരു പക്ഷേ വന്ദ്യ പിതാവിന്റെ കബറിടത്തിൽ നിന്നും ഭൗതികാവശിഷ്ടങ്ങൾ ലഭിക്കുന്നതിനുള്ള സാധ്യത കുറവായിരിക്കും എന്നും വളരെ ശ്രദ്ധയോടുകൂടി മാത്രമേ കബറിടം തുറന്ന് പരിശോധിക്കാവൂ എന്നും പെരുന്തോട്ടം പിതാവ് നിർദ്ദേശിച്ചു.

പൗലോസ് മാർ അക്വീനാസ് പിതാവിന്റെ കബറിടം കത്തീഡ്രൽ പള്ളിയുടെ മദ്ബഹായുടെ ഇടത് വശത്ത് താഴെ അഴിക്കാലിനോട് ചേർന്നാണ് സ്ഥിതിചെയ്തിരുന്നത്. ഏകദേശം രണ്ട് അടി വീതിയും അഞ്ച് അടി നീളവുമുള്ള വലിയൊരു കരിങ്കൽപ്പാളിയിലാണ് ശിലാഫലകം തയ്യാറാക്കിയിരിക്കുന്നത്. കബറിടത്തിന്റെ നാലുവശവും മൂന്ന് അടിയോളം മണ്ണ് മാറ്റിയ ശേഷം വലിയ ഇരുമ്പ് കമ്പികൾ ഉപയോഗിച്ച് ജോലിക്കാർ കരിങ്കൽഫലകം കബറിടത്തിന് മുകളിൽ നിന്നും വലത് വശത്തേയ്ക്ക് ഉയർത്തി മാറ്റി. അപ്പോൾ അസാധാര

ണമായ ഒരു സംഭവം ഉണ്ടായി. ശിലാഫലകം മാറ്റുമ്പോൾ ഉച്ചയ്ക്ക് 12 മണിയോട് അടുത്തിരുന്നു. നല്ല വെയിൽ ഉള്ള മഴയുടെ യാതൊരുലക്ഷണവുമില്ലാത്ത തെളിഞ്ഞ അന്തരീക്ഷവുമായിരുന്നു. കബറിടം മൂടിയ കരിങ്കൽഫലകം ഉയർത്തിമാറ്റിയ സമയം അന്തരീക്ഷത്തിൽ വലിയ മുഴക്കത്തോടുകൂടി മൂന്നു പ്രാവശ്യം ഇടിമുഴക്കം ഉണ്ടായി. ഇതു വന്ദ്യ പിതാവിന്റെ ജീവിതവിശുദ്ധിക്ക് സ്വർഗ്ഗീയ പിതാവ് നൽകിയ സാക്ഷ്യമാണെന്ന് അവിടെ കൂടിയിരുന്നവർക്കുതോന്നി. ഇടിമുഴക്കം ഉണ്ടായ പ്രത്യേക സാഹചര്യത്തിൽ ജോലിക്കാരെ മാറ്റി കബറിടത്തിലെ മണ്ണ് നീക്കി വന്ദ്യ പിതാവിന്റെ ഭൗതീകാവശിഷ്ടങ്ങൾ തെരയുന്നതിന് ശ്രീ. ജിജി കോട്ടയ്ക്കലും, ശ്രീ. ജിജി മുളയ്ക്കനും തയ്യാറായി. കബറിടത്തിലെ മണ്ണ് മാറ്റിത്തുടങ്ങിയപ്പോൾ കബറിടത്തിലെ ശിലാഫലകം സ്ഥാപിച്ച സ്ഥാനത്തുനിന്നും അല്പം കൂടി ഇടതുവശത്തേയ്ക്കുമാറി മദ്ബഹായുടെ ചുറ്റുകെട്ടിനോടു ചേർന്നാണ് പിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്നത് എന്ന് കാണാൻ സാധിച്ചു. കത്തീഡ്രൽപള്ളി 1887 ൽ പുനർനിർമ്മിച്ച കാലഘട്ടത്തിൽ അന്നത്തെ പഴയ പള്ളിയിൽ അടക്കം ചെയ്തിരുന്ന അഭിവന്ദ്യ പിതാവിന്റെ കബറിടം പുതിയപള്ളിയുടെ മദ്ബഹായ്ക്കുള്ളിൽ വരത്തക്ക വിധത്തിൽ ഒരു വശത്തേയ്ക്കു തിരിഞ്ഞു കിടന്ന ശിലാഫലകം നേരേയാക്കി സ്ഥാപിച്ചിരിക്കാമെന്ന് കരുതുന്നു. ശിലാഫലകത്തിനു താഴെയുള്ള മണ്ണ് മാറ്റിയപ്പോൾ തലയോടിന്റെ ഏതാനും ചെറിയ ഭാഗങ്ങൾ, തലമുടി, അസ്ഥിയുടെ ചെറിയ ചില ഭാഗങ്ങൾ, അടക്കം ചെയ്ത പെട്ടിയുടെ തൊങ്ങലുകൾ തുടങ്ങിയവ ലഭിക്കുകയുണ്ടായി. കബറിടത്തിൽനിന്നും ശേഖരിച്ച ഭൗതികാവശിഷ്ടങ്ങൾ പ്രത്യേകം തയ്യാറാക്കിയ പേടകത്തിലേയ്ക്ക് മാറ്റുകയും ചെയ്തു. ഉച്ചയ്ക്കുശേഷം അഭി. ജെയിംസ് കാളാശ്ശേരി പിതാവിന്റെ കബറിടം തുറക്കുകയും ഭൗതികാവശിഷ്ടങ്ങൾ പോടകത്തിലാക്കുകയും ചെയ്തു. അന്നേ ദിവസം വൈകുന്നേരം ആറുമണിയോടുകൂടി കബറിടപ്പള്ളിയിൽ തയ്യാറാക്കിയ പ്രത്യേക കല്ലറകളിൽ വന്ദ്യ പിതാക്കന്മാരുടെ ഭൗതികാവശിഷ്ടങ്ങൾ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കാർമ്മികത്വത്തിൽ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയോടുകൂടി അടക്കം ചെയ്തു.



# വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ മകരം തിരുനാൾ

2022 ജനുവരി 15 ശനി മുതൽ 25 ചൊവ്വ വരെ

## 2022 ജനുവരി 15 ശനി (മകരം 1)
## പൂർവ്വസ്മരണാദിനം

| | | |
|---|---|---|
| 5:45 am | : | സപ്രാ, പരിശുദ്ധ കുർബാന<br>**റവ. ഫാ. അലൻ വെട്ടുകുഴിയിൽ** (അസി. വികാരി) |
| 7:00 am | : | പരിശുദ്ധ കുർബാന<br>**റവ. ഫാ. ജോസഫ് ഇളംതുരുത്തിയിൽ** (അസി. വികാരി) |
| 4:00 pm | : | റംശാ, കൊടിയേറ്റ്<br>തിരുസ്വരൂപം ആഘോഷമായി കൊച്ചുപള്ളിയിൽ പ്രതിഷ്ഠിക്കുന്നു |
| | : | മാദ്ധ്യസ്ഥപ്രാർത്ഥന, ലദീഞ്ഞ്,<br>പരിശുദ്ധ കുർബാന, സന്ദേശം<br>**വെരി റവ. ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ** (വികാരി) |
| | : | സെമിത്തേരി സന്ദർശനം, ഒപ്പീസ്<br>**റവ. ഫാ. റ്റോബി പുളിക്കാശ്ശേരി** (അസി. വികാരി) |
| | : | കുരിശടികളിൽ കൊടിയേറ്റ് |

## 2022 ജനുവരി 16 ഞായർ (മകരം 2)

| | |
|---|---|
| 5:15 am | പരിശുദ്ധ കുർബാന, സന്ദേശം<br>**റവ. ഫാ. അലൻ വെട്ടുകുഴിയിൽ** (അസി. വികാരി) |
| 6:30 am | സപ്രാ, മാദ്ധ്യസ്ഥപ്രാർത്ഥന, പരിശുദ്ധ കുർബാന<br>**വെരി റവ. ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ** (വികാരി) |
| 8:30 am | പരിശുദ്ധ കുർബാന, സന്ദേശം, വാഹനവെഞ്ചരിപ്പ്<br>**റവ. ഫാ. ജോസഫ് ഇളംതുരുത്തിയിൽ** (അസി.വികാരി) |
| 10:00 am | പരിശുദ്ധ കുർബാന, സന്ദേശം<br>**റവ. ഫാ. ജോർജ് മാന്തുരുത്തിൽ** (ഡയറക്ടർ, DFC, ചങ്ങനാശേരി) |
| 4:00 pm | റംശാ, മാദ്ധ്യസ്ഥപ്രാർത്ഥന, ലദീഞ്ഞ്, പരിശുദ്ധ കുർബാന, സന്ദേശം<br>**റവ. ഫാ. ഡോ. ജോസഫ് ആലഞ്ചേരി**<br>(പോസ്റ്റുലേറ്റർ, മാർ മാത്യു കാവുകാട്ട് നാമകരണ നടപടികൾ) |

## 2022 ജനുവരി 17 തിങ്കൾ (മകരം 3)
## കുട്ടികളുടെ ദിനം

| | |
|---|---|
| 5:45 am | സപ്രാ, മാദ്ധ്യസ്ഥപ്രാർത്ഥന, പരിശുദ്ധ കുർബാന<br>**റവ. ഫാ. റ്റോബിൻ അറുവൻപറമ്പിൽ**<br>(അസി. വികാരി, സെന്റ് മേരീസ് ചർച്ച് പാറേൽ) |

4:15 pm : **റംശാ, മാദ്ധ്യസ്ഥപ്രാർത്ഥന, ലദീഞ്ഞ്, പരിശുദ്ധ കുർബാന, സന്ദേശം**
**റവ. ഫാ. ആന്റോ പെരുമ്പള്ളിത്തറ**
(അസി. ഡയറക്ടർ, സഹൃദയ ഹോസ്പിറ്റൽ, ആലപ്പുഴ)
: **കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയും ആശീർവാദവും**

5:30 pm : **വ്യാപാരസ്ഥാപനങ്ങളുടെ വെഞ്ചരിപ്പ്** (മാർക്കറ്റിലെ സ്ഥാപനങ്ങൾ)

## 2022 ജനുവരി 18 ചൊവ്വ (മകരം 4)
## വയോജന-രോഗീദിനം - സഭൈക്യദിനം

5:45 am : **സപ്രാ, മാദ്ധ്യസ്ഥപ്രാർത്ഥന, പരിശുദ്ധ കുർബാന**
**റവ. ഫാ. ജോഷി മുപ്പതിൽചിറ**
(അസി. ഡയറക്ടർ, സെന്റ് തോമസ് ഹോസ്പിറ്റൽ, ചെത്തിപ്പുഴ)

4:15 pm : **റംശാ, മാദ്ധ്യസ്ഥപ്രാർത്ഥന, ലദീഞ്ഞ്, പരിശുദ്ധ കുർബാന, സന്ദേശം**
**റവ. ഫാ. വർഗീസ് കിളിയാട്ടുശ്ശേരിൽ** (എസ്.ബി. കോളജ് ചങ്ങനാശേരി)

5:30 pm : **വയോജനങ്ങൾക്കും രോഗികൾക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന**
**വ്യാപാരസ്ഥാപനങ്ങളുടെ വെഞ്ചരിപ്പ്** (കവലയിലെ സ്ഥാപനങ്ങൾ)

## 2022 ജനുവരി 19 ബുധൻ (മകരം 5)
## യുവജനദിനം

5:45 am : **സപ്രാ, മാദ്ധ്യസ്ഥപ്രാർത്ഥന, പരിശുദ്ധ കുർബാന**
**റവ. ഫാ. ജോസഫ് പ്ലാത്താനം** (ആർച്ച്ബിഷപ്സ് ഹൗസ്, ചങ്ങനാശേരി)

4:15 pm : **റംശാ, മാദ്ധ്യസ്ഥപ്രാർത്ഥന, ലദീഞ്ഞ്, പരിശുദ്ധ കുർബാന, സന്ദേശം**
**റവ. ഫാ. റിജോ ഇടമുറിയിൽ**
(അസി. വികാരി, സെന്റ് മാത്യു ചർച്ച് കോട്ടയ്ക്കപ്പുറം)
: **യുവജനങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയും ആശീർവാദവും**

## 2022 ജനുവരി 20 വ്യാഴം (മകരം 6)
## സെബാസ്റ്റ്യൻ നാമധാരീദിനം

5:45 am : **സപ്രാ, മാദ്ധ്യസ്ഥപ്രാർത്ഥന, പരിശുദ്ധ കുർബാന**
**റവ. ഫാ. ജോസഫ് പകലോമറ്റം** (വികാരി, സെന്റ് മേരീസ് ചർച്ച്, കുമരംകരി)

4:15 pm : **റംശാ, മാദ്ധ്യസ്ഥപ്രാർത്ഥന, ലദീഞ്ഞ്, പരിശുദ്ധ കുർബാന, സന്ദേശം**
**റവ. ഫാ. ആന്റണി ചൂരവടി**
(അസി. വികാരി, സെന്റ് ആന്റണീസ് ഫൊറോന ചർച്ച്, കുറുമ്പനാടം)
: **സെബാസ്റ്റ്യൻ നാമധാരികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയും ആശീർവാദവും**

## 2022 ജനുവരി 21 വെള്ളി (മകരം 7)
## ദമ്പതീദിനം, സുവിശേഷകന്മാരുടെ തിരുന്നാൾ

5:45 am : **സപ്രാ, മാദ്ധ്യസ്ഥപ്രാർത്ഥന, പരിശുദ്ധ കുർബാന**
**റവ. ഫാ. ഡോ. ഇമ്മാനുവേൽ നേര്യംപറമ്പിൽ**
(അസി. ഡയറക്ടർ, കോർപറേറ്റ് മാനേജ്മെന്റ്)

4:15 pm : റംശാ, മാദ്ധ്യസ്ഥ്യപ്രാർത്ഥന, ലദീഞ്ഞ്, പരിശുദ്ധ കുർബാന, സന്ദേശം
**മാർ തോമസ് തറയിൽ**
**ദമ്പതികൾക്കായുള്ള പ്രത്യേക പ്രാർത്ഥനയും ആശീർവാദവും**

## 2022 ജനുവരി 22 ശനി (മകരം 8)
## നവവൈദികദിനം

5:45 am : സപ്രാ, മാദ്ധ്യസ്ഥ്യപ്രാർത്ഥന, പരിശുദ്ധ കുർബാന
**നവവൈദികർ, ചങ്ങനാശേരി അതിരൂപത**

4:15 pm : റംശാ, മാദ്ധ്യസ്ഥ്യപ്രാർത്ഥന, ലദീഞ്ഞ്, പരിശുദ്ധ കുർബാന, സന്ദേശം
**റവ. ഫാ. റ്റോണി കൂലിപ്പറമ്പിൽ**
(ആർച്ച്ബിഷപ്പ്സ് ഹൗസ്, ചങ്ങനാശേരി)

## 2022 ജനുവരി 23 ഞായർ (മകരം 9)

5:15 am : പരിശുദ്ധ കുർബാന, സന്ദേശം
**റവ. ഫാ. റ്റോബി പുളിക്കാശേരി** (അസി. വികാരി)

6:30 am : സപ്രാ, മാദ്ധ്യസ്ഥ്യപ്രാർത്ഥന, പരിശുദ്ധ കുർബാന
**റവ. ഫാ. വർഗ്ഗീസ് നമ്പിശ്ശേരിക്കളം**
(അസി. വികാരി, സെന്റ് മേരീസ് ഫൊറോന ചർച്ച്, അതിരമ്പുഴ)

8:30 am : പരിശുദ്ധ കുർബാന, സന്ദേശം
**വെരി റവ. ഫാ. ഡോ. തോമസ് പാടിയത്ത്**
(വികാരി ജനറാൾ, ചങ്ങനാശേരി അതിരൂപത)

10:00 am : പരിശുദ്ധ കുർബാന, സന്ദേശം
**വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
(വികാരി ജനറാൾ, ചങ്ങനാശേരി അതിരൂപത)

4:15 pm : റംശാ, മാദ്ധ്യസ്ഥ്യപ്രാർത്ഥന, ലദീഞ്ഞ്, പരിശുദ്ധ കുർബാന (സുറിയാനി)
**വെരി റവ. ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ** (വികാരി)

## 2022 ജനുവരി 24 തിങ്കൾ (മകരം 10)

5:15 am : ആഘോഷമായ പരിശുദ്ധ കുർബാന, സന്ദേശം
**റവ. ഫാ. ജോൺ വടക്കേക്കളം** (ഡയറക്ടർ KLM, ചങ്ങനാശേരി)

6:45 am : ആഘോഷമായ പരിശുദ്ധ കുർബാന, സന്ദേശം
**റവ. ഫാ. ജോസ് ഈറ്റോലിൽ**
(അസി. വികാരി, ലൂർദ്ദ്മാതാ ചർച്ച്, മാമ്മൂട്)

10:00 am : ആഘോഷമായ പരിശുദ്ധ കുർബാന, സന്ദേശം
**റവ. ഫാ. നൈജിൽ തൊണ്ടിക്കാക്കുഴി**
(നവവൈദികൻ)

3:00 pm : ആഘോഷമായ പരിശുദ്ധ കുർബാന, സന്ദേശം
**വെരി റവ. ഫാ. ഡോ. ഐസക് ആലഞ്ചേരി**
(ചാൻസിലർ, ചങ്ങനാശേരി അതിരൂപത)

5:00 pm : **കവലപ്രദക്ഷിണം**

## 2022 ജനുവരി 25 ചൊവ്വ (മകരം 11)
## പ്രധാനതിരുനാൾ

5:15 am : **ആഘോഷമായ പരിശുദ്ധ കുർബാന, സന്ദേശം**
**റവ. ഫാ. അലൻ വെട്ടുകുഴിയിൽ** (അസി. വികാരി)

6:45 am : ആഘോഷമായ തിരുനാൾ കുർബാന, സന്ദേശം
**മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ**

10:00 am : **ആഘോഷമായ റാസ കുർബാന, സന്ദേശം**
**റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി**
(ഡയറക്ടർ, കുടുംബകൂട്ടായ്മ, ബൈബിൾ അപ്പോസ്തലേറ്റ്, ചങ്ങനാശേരി)

3:00 pm : **ആഘോഷമായ പരിശുദ്ധ കുർബാന, സന്ദേശം**
**റവ. ഫാ. ആന്റണി ആനക്കല്ലുങ്കൽ** (ഡയറക്ടർ, യുവദീപ്തി SMYM ചങ്ങനാശേരി)
: സന്ദേശം: **മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്താ**
(ആർച്ചുബിഷപ് എമരിറ്റസ്)

5:00 pm : **നഗരംചുറ്റിയുള്ള പ്രദക്ഷിണം**

## 2022 ജനുവരി 30 ഞായർ (മകരം 16)
## കൊടിയിറക്ക് തിരുനാൾ

5:15 am : **പരിശുദ്ധ കുർബാന, സന്ദേശം**
**റവ. ഫാ. ജോസഫ് ഇളംതുരുത്തിയിൽ** (അസി. വികാരി)

6:45 am : **പരിശുദ്ധ കുർബാന, സന്ദേശം**
**വെരി റവ. ഫാ. തോമസ് തലക്കുളം** OFM cap.
(സുപ്പീരിയർ, ഗദ്സമെനി ആശ്രമം)
: **കഴുന്ന് എഴുന്നള്ളിപ്പ് കൂട്ടായ്മകളിൽ**

10:00 am : **പരിശുദ്ധ കുർബാന, സന്ദേശം**
**റവ. ഫാ. ജോമോൻ പുത്തൻപറമ്പ്** CMI
(റെക്ടർ, S.H. മൈനർ സെമിനാരി, ചെത്തിപ്പുഴ)

5:00 pm **ആഘോഷമായ പരിശുദ്ധ കുർബാന, സന്ദേശം**
(മാർ നെസ്തോറിയസിന്റെ അനാഫൊറ)
**വെരി റവ. ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
: **കൊടിയിറക്ക്, പള്ളിചുറ്റിയുള്ള പ്രദക്ഷിണം**

6:30 pm : **വിശുദ്ധന്റെ തിരുസ്വരൂപം പുനഃപ്രതിഷ്ഠിക്കുന്നു**

---

- **വ്യാപാര സ്ഥാപനങ്ങളുടെ വെഞ്ചരിപ്പിനോടനുബന്ധിച്ച് ജനുവരി 17–ാം തീയതി മാർക്കറ്റിലെ എല്ലാ സ്ഥാപനങ്ങളും 18–ാം തീയതി കവലയിലെ എല്ലാ സ്ഥാപനങ്ങളും വെഞ്ചരിപ്പിനായി ഒരുക്കാൻ ശ്രദ്ധിക്കുമല്ലോ.**
- **ജനുവരി 30 ഞായറാഴ്ച രാവിലെ 6:45 നുള്ള കുർബാനയ്ക്കുശേഷം വാർഡുകളിലേക്കുള്ള കഴുന്നുകൾ കൊണ്ടുപോവുകയും വൈകുന്നേരം 5:00 നുമുമ്പായി തിരികെ പള്ളിയിൽ എത്തിക്കുകയും വേണം.**



# ഇടവക വാർത്തകൾ

ഒക്ടോബർ 27-ാം തീയതി അഭി. ജെയിംസ് കാളാശ്ശേരി പിതാവിന്റെ 72-ാം ചരമവാർഷികദിനത്തിൽ രാവിലെ 7 മണിക്ക് കബറിടപ്പള്ളിയിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് പരിശുദ്ധ കുർബാന അർപ്പിച്ചു.

നവംബർ 27-ാം തീയതി ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് മൂറോൻ കൂദാശ കർമ്മം അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

ചന്തക്കടവ് കുരിശുപള്ളിയിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 6 മണിക്ക് റംശാ, ജപമാല, തിരുക്കുടുംബത്തോടുള്ള മാദ്ധ്യസ്ഥ്യപ്രാർത്ഥന എന്നിവയും മാസാവസാന ശനിയാഴ്ചകളിൽ പരിശുദ്ധകുർബാനയും വചന പ്രഘോഷണവും നടന്നുവരുന്നു.

നവംബർ 28-ാം തീയതി ഞായറാഴ്ച പുതിയ ആരാധനവത്സര ആരംഭത്തോടുകൂടി സീറോ മലബാർ സഭയിൽ നവീകരിച്ച പരിശുദ്ധ കുർബാന തക്സ അനുസരിച്ച് ഏകീകൃത രീതിയിലുള്ള അർപ്പണം രാവിലെ 7 മണിക്ക് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കാർമ്മികത്വത്തിൽ ഉള്ള പരിശുദ്ധ കുർബാനയോടുകൂടി ഔദ്യോഗികമായി ആരംഭിച്ചു.

## പൗലോസ് തോമസ് മാർ അക്വീനോസിന്റെ ചരമവാർഷികം ആചരിച്ചു

കൊടുങ്ങല്ലൂർ രൂപതയുടെ അവസാനത്തെ മെത്രാപ്പോലീത്തയായിരുന്ന പൗലോസ് തോമസ് മാർ അക്വീനോസ് തിരുമേനിയുടെ 198-ാം ചരമവാർഷികം അദ്ദേഹം അന്ത്യവിശ്രമംകൊള്ളുന്ന ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ ഡിസംബർ 20-ാം തീയതി ആചരിച്ചു.

വിശുദ്ധകുർബാനയ്ക്കും അനുസ്മരണ കർമങ്ങൾക്കും വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ മുഖ്യകാർമികത്വം വഹിച്ചു. കത്തീഡ്രൽ വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ സഹകാർമ്മികനായിരുന്നു. ചങ്ങനാശേരി പള്ളിയിൽ ആദ്യം കബ റടങ്ങിയ മെത്രാനാണ് ഇദ്ദേഹം.

## ക്രിസ്തുമസ് ആഘോഷം

ഡിസംബർ 23-ാം തീയതി AKCC യുടെ ആഭിമുഖ്യത്തിൽ ചങ്ങനാ ശ്ശേരി ഗവണ്മെന്റ് ആശുപത്രിയിൽ ക്രിസ്തുമസ് ആഘോഷം കേക്ക് മുറിച്ച് ആഘോഷിച്ചു.



## കുർബാന സഭയുടെ ആരാധനയും പ്രകാശവും: മാർ ജോസഫ് പെരുന്തോട്ടം

കുർബാന സഭയുടെ ഏറ്റവും വലിയ ആരാധനയും പ്രകാശവും ആണെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞു. സമൂഹത്തിൽ കുർബാനയുടെ പേരിൽ നടക്കുന്ന അനൈക്യം വേദനാജനകമാണെന്നും വിശദമായ പഠനത്തിന്റെയും വിശകല നത്തിന്റെയും അടിസ്ഥാനത്തിലാണ് സഭയിൽ കുർബാനയുടെ ഐക്യരൂപം ഉണ്ടാക്കിയതെന്നും സഭാ സിനഡ് ഒരുമിച്ച് എടുത്ത തീരുമാനം ആണ് ഇതെന്നും മാർ പെരുന്തോട്ടം പറഞ്ഞു. ചങ്ങ നാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ ഏകീകൃത കുർബാന അർപ്പണം നടത്തി പ്രസംഗിക്കുകയായിരുന്നു മാർ പെരുന്തോട്ടം. സഭയുടെ ശ്രേഷ്ഠമായ ആരാധന സമൂഹത്തിലേക്ക് വലിച്ചിഴയ്ക്ക രുത്. ഒരു അനൈക്യവും ഇല്ലാതെ സഭാ സിനഡിന്റെ തീരുമാനം ചങ്ങനാശേരി അതിരൂപതയും പ്രൊവിൻസുകളായ പാലാ, കാഞ്ഞി രപ്പള്ളി, തക്കല രൂപതകളും അംഗീകരിച്ചത് ശ്രേഷ്ഠകരമാണെന്നും അദ്ദേഹം പറഞ്ഞു. മെത്രാപ്പോലീത്തൻ പള്ളി വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ, ഫാ. ഐസക് കൂലിപ്പുരയ്ക്കൽ എന്നിവർ സഹകാർമ്മികരായിരുന്നു.



*ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ നടന്ന ഏകീകൃത കുർബാന അർപ്പണത്തിന് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം മുഖ്യകാർമികത്വം വഹിക്കുന്നു.*

## സൺഡേസ്കൂൾ പ്രവർത്തനവർഷ റിപ്പോർട്ട്

### നേതൃത്വനിര

നല്ല ഇടയനായ ഈശോയോടൊപ്പം നന്മയുടെ മേച്ചിൽപ്പുറങ്ങളിലേയ്ക്ക് നമ്മെ നയിക്കുന്ന പെരിയ ബഹു. ജോസ് കൊച്ചുപറമ്പിലച്ചൻ, ഡയറക്ടർ അലൻ വെട്ടുകുഴിയിലച്ചൻ, ഹെഡ്മാസ്റ്റർ സോണി കണ്ടങ്കരി സാർ, മറ്റു മതാധ്യാപകർ എന്നിവരുടെ കൂട്ടായ സഹകരണത്തോടെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നു.

### മതബോധന വർഷ ഉദ്ഘാടനം

പന്തക്കുസ്താ തിരുനാളിൽ ബഹു വികാരി ജോസ് കൊച്ചുപറമ്പിലച്ചൻ മതബോധനദിനസന്ദേശം നൽകി, തിരി തെളിച്ച മതബോധന വർഷം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ അലൻ വെട്ടുകുഴിയിലച്ചൻ, വാഴപ്പള്ളി അസംപ്ഷൻ സൺഡേസ്കൂൾ ഡയറക്ടർമാരായ ഫാ. ടോം മാളിയേക്കൽ, ഫാ. റിജോ ഇടമുറിയിൽ, ഹെഡ്മാസ്റ്റർ സോണിസാർ എന്നിവർ ഉദ്ഘാടന കർമ്മത്തിൽ പങ്കെടുത്തു.

### അധ്യാപകരുടെ പരിശീലനം

വികാരിയച്ചന്റെയും ഡയറക്ടറച്ചന്റെയും വിലപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ അധ്യാപകർക്ക് എന്നും പ്രചോദനാത്മകമാണ്. ഫൊറോനതലത്തിലും അതിരൂപതാതലത്തിലും സംഘടിപ്പിക്കുന്ന ഓൺലൈൻ സെമിനാറുകളിൽ നമ്മുടെ മതാധ്യാപകർ പങ്കെടുക്കുന്നു.

### കുട്ടികൾക്ക് നൽകണം പ്രോത്സാഹനം

വിശ്വാസജീവിതത്തിൽ അനുദിനം വളർന്നുവരുവാൻ വേണ്ട പരിശീലനം കുട്ടികൾക്ക് നൽകുന്നതോടൊപ്പം അവരുടെ കഴിവുകൾ

വളർത്താൻ വേണ്ടി ഓൺലൈൻ കലാമത്സരങ്ങൾ സംഘടിപ്പിച്ചു. പ്രധാനപ്പെട്ട തിരുനാളുകൾ, ഓണം, ക്രിസ്തുമസ് എന്നിവയോടനുബന്ധിച്ചാണ് മത്സരങ്ങൾ ക്രമീകരിച്ചത്. എല്ലാ കുട്ടികളും ആത്മാർത്ഥമായി സഹകരിച്ചു. കൂടാതെ ബ്രദർ ആൽബിൻ വിലങ്ങുപാറയുടെ നേതൃത്വത്തിൽ കുട്ടികൾക്ക് ഓറിയന്റേഷൻ ക്ലാസ് നൽകി വരുന്നു.

## ദിനാചരണങ്ങൾ

തങ്ങളുടെ ജീവിതത്തിൽ ദൈവമാണ് എല്ലാം എന്ന് മനസിലാക്കി ദൈവത്തിൽ ആശ്രയിക്കുവാനും ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയാനുമായി തിരുനാളുകൾ ആഘോഷിക്കുന്നു. ദുക്റാന തിരുനാൾ, മാതാവിന്റെ പിറവിതിരുനാൾ, ഇടവകമധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ എന്നീ തിരുനാളുകൾ സമുചിതമായി ആഘോഷിച്ചു.

## ചെറുപുഷ്പമിഷൻലീഗ്

ചെറുപുഷ്പമിഷൻലീഗിന്റെ സജീവ ശാഖയായി നമ്മുടെ കുഞ്ഞുങ്ങൾ പ്രവർത്തിക്കുകയും എല്ലാ ശനിയാഴ്ചകളിലും അവർ മറ്റുള്ളവർക്ക് മാതൃകയായി മുന്നേറുന്നു. ഇടവകതലത്തിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ ബെത്‌ലഹേം മീറ്റിലും മേഖല - അതിരൂപതാതലത്തിലും നടത്തുന്ന സെമിനാറുകളിലും കുട്ടികൾ സജീവമായി പങ്കെടുക്കുന്നു. മിഷൻ ലീഗിന്റെ വജ്രജൂബിലി ഉദ്ഘാടനവും പതാക ഉയർത്തലും നമ്മുടെ ശാഖയിലും നടത്തപ്പെട്ടു.



## മീഡിയ സെന്റർ ഉദ്ഘാടനം

നമ്മുടെ സൺഡേസ്കൂളിന്റെ നവീകരിച്ച മീഡിയ സെന്റർ 28/12/2021 6 pm ന് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് വെഞ്ചരിച്ച് സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കായി തുറന്നു നൽകി. മീഡിയ സെന്റർ മനോഹരമായി പൂർത്തീകരിക്കാൻ അദ്ധ്വാനിച്ച എല്ലാവരെയും ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ ഉപകാരികളെയും മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ കുടുംബം നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ജലത്താലും ആത്മാവിനാലും

| | | |
|---|---|---|
| 1. | പീടികയിൽ ജിത്തു-അൽക മകൻ ജോബ് | 10.11.21 |
| 2. | കളപ്പുരയ്ക്കൽ റ്റോണി-ജിക്കി മകൾ അന്നമ്മ | 13.11.21 |
| 3. | പുതുശ്ശേരി ചാക്കോ-അന്നമ്മ മകൾ അന്ന | 28.11.21 |
| 4. | വെട്ടുവഴി പ്രവീൺ-ലിജിമോൾ മകൻ മിഖായേൽ | 28.11.21 |
| 5. | കോട്ടയ്ക്കൽ ജോസഫ്-മറിയാമ്മ മകൻ സേവ്യർ | 28.11.21 |
| 6. | പള്ളിക്കൽതയ്യിൽ റെയ്നോൾഡ്-ജോ മരിയ മകൾ സെലിൻ | 29.11.21 |
| 7. | പുതുക്കളം ജിനോ-ചിത്ര മകൻ ജോർജ് | 29.11.21 |
| 8. | കടന്തോട് പ്രതീഷ്-ജൂലി മകൻ ജോൺ | 29.11.21 |
| 9. | പടിഞ്ഞാറേക്കളം സക്കറിയ-പവിത മകൻ ജോൺ | 30.11.21 |
| 10. | ചിങ്ങംപറമ്പിൽ സഖറിയ-ബ്രിജിറ്റ് മകൾ സൂസന്ന | 17.10.21 |
| 11. | നെടുംപറമ്പിൽ വർഗീസ്-കത്രീന മകൻ ജോൺപോൾ | 21.10.21 |
| 12. | മൂലയിൽ കിരൺ-മരിയ മകൻ ജോസഫ് | 17.11.21 |
| 13. | പീടികത്തുണ്ടിയിൽ പ്രിൻസി-സൂസന്ന മകൻ ജോസഫ് | 26.11.21 |
| 14. | കോയിപ്പള്ളി അജോ-റ്റോസി മകൾ ആൻ | 18.12.21 |
| 15. | നടുവിലേപ്പറമ്പിൽ റ്റിജോ - ജ്യോതി മകൻ ജോസഫ് | 26.12.2021 |
| 16. | പാണ്ഡ്യാലയ്ക്കൽ കണ്ടത്തിൽ മാത്യു - കവിത മകൻ എയ്ഡൻ | 26.12.2021 |
| 17. | വള്ളപ്പുരയ്ക്കൽ ജോഫിൻ - ജിയ മകൻ സ്കറിയ | 26.12.2021 |
| 18. | കടന്തോട് മാത്യൂസ് - മൗസ്മി മകൻ മാത്യു | 27.12.2021 |
| 19. | കടന്തോട് ബിജി - നിഷ മകൻ ജോസഫ് | 29.12.2021 |

# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക കരിങ്ങട കെന്നഡി-ജെസി മകൻ മാത്യുവും തലശ്ശേരി രൂപത ശ്രീകണ്ഠപുരം ഇടവക പാറമ്പുഴയിൽ അബ്രഹാം-ലൂസി മകൾ കൊച്ചുത്രേസ്യയും തമ്മിലുള്ള വിവാഹം - 10.10.2021

2. ഈ ഇടവക വെട്ടുകുഴിയിൽ വർഗീസ്-നിർമല മകൻ വർഗീസും വൈക്കം ഇടവക ചാണിക്കുഴി പയസ്-പ്രഭ മകൾ മരിയനും തമ്മിലുള്ള വിവാഹം - 20.10.21

3. ഈ ഇടവക താമല്ലൂർ ഔസേഫ്-ലാലി മകൻ തോമസും വായ്പൂർ ഇടവക ചൊള്ളമാക്കൽ ജോയി-റോസമ്മ മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 06.11.2021

4. ഈ ഇടവക മാമ്മൂട്ടിൽ ജോൺസൺ-അനില മകൻ മാത്യുവും പാലമ്പ്ര ഇടവക നരിതൂക്കിൽ ആന്റോ-ലവ്‌ലി മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 13.11.2021

5. ഈ ഇടവക കളത്തിൽ ആന്റണി-ക്ലാരമ്മ മകൻ ജോസഫും മല്ലപ്പള്ളി ഇടവക പുളിക്കൽ ജെയിംസ്-ലീലാമ്മ മകൾ എലിബസത്തും തമ്മിലുള്ള വിവാഹം - 14.11.21

6. ഈ ഇടവക മഞ്ചേരിക്കളം ജോസഫ്-സിസിലിക്കുട്ടി മകൻ വർഗീസും ഈ ഇടവക പീടികത്തുണ്ടിയിൽ ജോസി-റ്റെസി മകൾ മറിയവും തമ്മിലുള്ള വിവാഹം - 22.11.2021

7. ഈ ഇടവക പുത്തൻവീട് ജോസഫ്-ത്രേസ്യാ മകൻ പീറ്ററും വടുതല ഇടവക കീറ്റുപറമ്പിൽ ജോർജ്-ഏലിക്കുട്ടി മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 22.11.2021

8. ഈ ഇടവക പുന്നവേലിൽ ജോസഫ്-റെജി മകൻ ചാക്കോയും പടഹാരം ഇടവക പതിനാലിൽചിറ സ്കറിയ-ജാൻസി മകൾ അൽഫോൻസയും തമ്മിലുള്ള വിവാഹം - 23.11.2021

9. ഈ ഇടവക പുതുപ്പറമ്പിൽ മാത്യു-ത്രേസ്യാമ്മ മകൻ ആന്റണിയും ഫാത്തിമാപുരം ഇടവക കൂലിപ്പുരയ്ക്കൽ തോമസ്-റോസമ്മ മകൾ റോസും തമ്മിലുള്ള വിവാഹം - 25.11.2021

10. ഈ ഇടവക പള്ളിക്കൽതയ്യിൽ ജോസഫ്-അന്നമ്മ മകൻ റെയ്നോൾഡും ഈ ഇടവക കാവ്യഭവനം ബിജു-രശ്മി മകൾ ജോമരിയയും തമ്മിലുള്ള വിവാഹം - 29.11.2021

11. ഈ ഇടവക കളത്തിൽ ആന്റണി-ക്ലാരമ്മ മകൻ ജോർജും കല്യാൺരൂപത ആകുർഡി ഇടവക വള്ളിക്കാവുങ്കൽ ജെയിംസ് -എത്സമ്മ മകൾ ട്രീസയും തമ്മിലുള്ള വിവാഹം - 12.12.2021

12. ഈ ഇടവക ശ്രാമ്പിക്കൽ ജോസഫ്-ആൻസി മകൻ ദേവസ്യയും തുരുത്തി ഇടവക മുട്ടത്തിൽ ജോസഫ്-പ്രിൻസി മകൾ മറിയവും തമ്മിലുള്ള വിവാഹം - 22.11.2021

12. ഈ ഇടവക ചിറയത്ത് പോൾ - റോസമ്മ മകൻ പോൾ ഫ്രാൻസിസും കാക്കനാട് ഇടവക ഡൊമിനിക് - അന്ന മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 29.12.2021

13. ഈ ഇടവക പുന്നശ്ശേരി സിറിയക് - ജെസ്മി മകൻ തോമസും ഇടുക്കി രൂപത ജോർജിയൻ ഇടവക പാറത്താനത്ത് വർക്കി - എൽസി മകൾ മറിയവും തമ്മിലുള്ള വിവാഹം - 30.12.2021

14. ഈ ഇടവക മലയിൽ ആന്റണി - ലിസി മകൻ ജേക്കബും പള്ളിക്കാമുറി ഇടവക വെളിയിൽ ജോർജ് - ബീന മകൾ ശ്രദ്ധയും തമ്മിലുള്ള വിവാഹം - 30.12.2021

# ഉത്ഥിതനോടൊപ്പം

| | |
|---|---|
| 1. കുളത്തുങ്കൽ ജോജി ജോസഫ് (72 വയസ്സ്) | 25.09.2021 |
| 2. കല്ലുകളം ജോസഫ് ചെറിയാൻ (86 വയസ്സ്) | 01.10.2021 |
| 3. ആശാരിപ്പറമ്പിൽ മറിയാമ്മ മാത്യു (87 വയസ്സ്) | 02.10.2021 |
| 4. മാമ്പൂത്ര ജൂലി ജോബി (41 വയസ്സ്) | 04.10.2021 |
| 5. പാറക്കടവിൽ അന്നമ്മ തോമസ് (88 വയസ്സ്) | 13.10.2021 |
| 6. കൊല്ലവന യോഹന്നാൻ ജോസഫ് (63 വയസ്സ്) | 13.10.2021 |
| 7. താവളത്തിൽ ജോസഫ് ജോസഫ് (88 വയസ്സ്) | 14.10.2021 |
| 8. പൂവാട്ടിൽചിറ വർഗീസ് യോഹന്നാൻ (84 വയസ്സ്) | 25.10.2021 |
| 9. കളത്തിൽകടവിൽ രാജു ചാക്കോ (50 വയസ്സ്) | 29.10.2021 |
| 10. നാല്പ്പത്തഞ്ചിൽ മോളി അലക്സാണ്ടർ (83 വയസ്സ്) | 11.11.2021 |
| 11. കളത്തിൽ കെ.എം. വർഗീസ് (72 വയസ്സ്) | 16.11.2021 |
| 12. മഞ്ചേരിക്കളം ജോസഫ് ചാക്കോ (89 വയസ്സ്) | 22.11.2021 |
| 13. തുറവാതുക്കൽ ബിജു ആന്റണി (50 വയസ്സ്) | 21.11.2021 |
| 14. കാർത്തികപ്പള്ളി ജോസഫ് ആന്റണി (69 വയസ്സ്) | 04.12.2021 |
| 15. ചങ്ങങ്കരി തങ്കമ്മ അബ്രാഹം (89 വയസ്സ്) | 06.12.2021 |
| 16. പുന്നയ്ക്കൽ ആന്റണി റെയ്നോൾഡ് (47 വയസ്സ്) | 23.12.2021 |
| 17. മഠത്തിപ്പറമ്പിൽ ത്രേസ്യാമ്മ മാത്യു (77 വയസ്സ്) | 26.12.2021 |